# 2024 ഓഗസ്റ്റ് മുതൽ ഡിസംബർ വരെയുള്ള നക്ഷത്രഫലം

• • • • • •

അശ്വതി മുതൽ രേവതി വരെയുള്ള നക്ഷത്രക്കാർക്ക് 1200 ചിങ്ങം (2024 ഓഗസ്റ്റ്) മുതൽ ധനു (2024 ഡിസംബർ) വരെ ഓരോ മാസവും അനുഭവപ്പെടാവുന്ന ഫലങ്ങൾ:

തയാറാക്കിയത്:
കാണിപ്പയ്യൂർ നാരായണൻ നമ്പൂതിരിപ്പാട്

## അശ്വതി

ചിങ്ങം:
ദമ്പതികൾക്ക് ഒരുമിച്ചു താമസിക്കാൻ ഒരാൾ ഉദ്യോഗം ഉപേക്ഷിക്കേണ്ടിവരും. കാർഷികമേഖലയിൽ ആദായം വർധിക്കും. ഉദ്ദേശിച്ച വിഷയത്തിൽ ഉപരിപഠനത്തിനു ചേരും. വ്യാപാര വ്യവസായമേഖലകളിൽ നിന്നു സാമ്പത്തികനേട്ടമുണ്ടാകും. പുത്രപൗത്രാദികളോടൊപ്പം ഓണമാഘോഷിക്കും. ഏറ്റെടുത്ത ദൗത്യം വിജയപഥത്തിലെത്തിക്കാൻ വളരെ പരിശ്രമം വേണ്ടിവരും.

കന്നി:
നിരപരാധിത്വം തെളിയിക്കാൻ സാധിക്കുന്നതിനാൽ ഉദ്യോഗത്തിൽ പുനർനിയമനമുണ്ടാകും. കലാകായികരംഗങ്ങളിൽ പരിശീലനം തുടങ്ങും. ജ – ലാദ്ഭവ ജലാശ്രിത പ്രവൃത്തികളിൽ നിന്നു സാമ്പത്തികനേട്ടമുണ്ടാകും പ്രതികൂലപ്രവൃത്തിയുള്ള ജോലിക്കാരെ പിരിച്ചുവിടും. ആരോഗ്യം തൃപ്തികരമായിരിക്കും.

തുലാം:
സഹപാഠികളോടൊപ്പം ഉപരിപഠനത്തിനു ചേരാൻ സാധിക്കും. ശാസ്ത്രജ്ഞർക്കും ഗവേഷകർക്കും അനുകൂലസാഹചര്യം വന്നുചേരും. സഹപ്രവർത്തകരുമായി വിജയാഹ്ലാദം പങ്കുവയ്ക്കാൻ അവസരമുണ്ടാകും. നിശ്ചയിച്ച വിവാഹത്തിനു കാലതാമസമുണ്ടാകും. വിട്ടുവീഴ്ചമനോഭാവത്താൽ കുടുംബജീവിതത്തിൽ സ്വസ്ഥതയും സമാധാനവും ഉണ്ടാകും.

വൃശ്ചികം:
വിവരസാങ്കേതികവിദ്യയിൽ പുതിയ കണ്ടെത്തലുകൾക്ക് അംഗീകാരം ലഭിക്കും. പ്രാരംഭത്തിൽ എല്ലാ കാര്യങ്ങൾക്കും തടസ്സങ്ങൾ അനുഭവപ്പെടുമെങ്കിലും അന്തിമമായി വിജയം ഉണ്ടാകും. അശ്രദ്ധ കൊണ്ടു വീഴ്ചയും ദേഹത്തിൽ മുറിവുകളും ഉണ്ടാകും. അധ്വാനഭാരവും ചുമതലകളും കൂടുതലുള്ള സ്ഥലത്തേക്ക് ഉദ്യോഗമാറ്റമുണ്ടാകും. ഒട്ടേറെ കാര്യങ്ങൾ ഏറ്റെടുക്കുമെങ്കിലും ചിലതു വിട്ടുപോകും.

ധനു:
സുരക്ഷാസംവിധാനം സുശക്തമാക്കുവാൻ നിർബന്ധിതനാകും. അഭിപ്രായം

അറിഞ്ഞു പെരുമാറുന്നതും പ്രവർത്തിക്കുന്നതുമായ സന്താനങ്ങളുടെ സമീപനത്തിൽ ആശ്വാസവും ആത്മാഭിമാനവും സുരക്ഷിതത്വവും തോന്നും. ഉപരിപഠനത്തിനു പണം കൊടുത്തു ചേരേണ്ടിവരും. സാഹിത്യം, കലാകായികം, വൈജ്ഞാനികം എന്നീ രംഗങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് അവസരങ്ങളും പ്രോത്സാഹനവും ഉണ്ടാകും.

ഭരണി

ചിങ്ങം:
പുനഃപരീക്ഷയിൽ വിജയശതമാനം കൂടിയതിനാൽ ഉദ്ദേശിച്ച വിഷയത്തിൽ ഉപരിപഠനത്തിനു ചേരും. ഔദ്യോഗികമായ അനിശ്ചിതാവസ്ഥകൾ മാറി സുസ്ഥിരവും ശോഭനവുമായ അവസ്ഥ കൈവരും. അധികാരപരിധി വർധിച്ചതിനാൽ അഹോരാത്രം പ്രവർത്തിക്കേണ്ടിവരും. ജന്മനാട്ടിൽ ഓണാഘോഷം ബന്ധുക്കളോടൊപ്പം മംഗളകരമാക്കുവാൻ അവസരം വന്നുചേരും.

കന്നി:
ആത്മനിയന്ത്രണത്തോടു കൂടിയുള്ള സമീപനം ആശ്വാസത്തിനു വഴിയൊരുക്കും. സഹോദരങ്ങൾക്ക് അൽപം അരിഷ്ടകാലമാണ്. അവഗണിക്കപ്പെടുന്ന സാഹചര്യങ്ങൾ ഒഴിഞ്ഞുമാറി പരിഗണിക്കപ്പെടും. ശത്രുതാമനോഭാവത്തിലായിരുന്നവർ സൗഹൃദത്തിലെത്തും. വിദ്യയും വിജ്ഞാനവും മറ്റുള്ളവർക്കു പകർന്നുകൊടുക്കുന്നതിൽ ആത്മസംതൃപ്തിയുണ്ടാകും.

തുലാം:
സഹപ്രവർത്തകർക്കു സ്ഥലംമാറ്റമായതിനാൽ ചുമതലകൾ കൂടും. വസ്തുതർക്കം രമ്യമായി പരിഹരിക്കപ്പെടും. അഗ്നി, ആയുധം, ധനം, വാഹനം എന്നിവ ഉപയോഗിക്കുമ്പോൾ കൂടുതൽ ശ്രദ്ധയും സൂക്ഷ്മതയും വേണം. അമിതാവേശങ്ങൾക്ക് ആത്മനിയന്ത്രണം നിർബന്ധമായും വേണം. വ്യവസ്ഥകൾ പാലിക്കാൻ അശ്രാന്തപരിശ്രമം വേണ്ടിവരും. ദാമ്പത്യബന്ധത്തിൽ അസ്വാരസ്യങ്ങൾ ഉണ്ടാകാതെ സൂക്ഷിക്കണം.

വൃശ്ചികം:
അലസരായ ജോലിക്കാരെ ഒഴിവാക്കി കർമോത്സുകരായവരെ നിയമിക്കും. ഭക്ഷണക്രമീകരണങ്ങളിലുള്ള അപാകതകളാൽ അസ്വാസ്ഥ്യമനുഭവപ്പെടും. സന്ധിവേദനയ്ക്ക് ആയുർവേദ പ്രകൃതിചികിത്സകൾ തുടങ്ങും പ്രവൃത്തിമേഖലകളിൽ ഏർപ്പെടുന്നതിനാൽ അനുഭവജ്ഞാനവും പ്രവൃത്തിപരിചയവും നേടും. സത്യാവസ്ഥ ബോധിപ്പിക്കാൻ കഴിയുന്നതിനാൽ അനിഷ്ടാവസ്ഥകൾ ഒഴിവാകും.

ധനു:
നിയമവിരുദ്ധ നടപടികളിൽ നിന്നു യുക്തിപൂർവം പിന്മാറും. ഇച്ഛാ-ജ്ഞാന ക്രിയാശക്തികൾ സമന്വയിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ലക്ഷ്യപ്രാപ്തി

നേടും. സത്യാവസ്ഥ മനസ്സിലാക്കാതെ അന്യരെ പഴിക്കുന്ന ശീലം ഉപേക്ഷിക്കണം. വസ്തുസംബന്ധമായ തർക്കങ്ങൾക്കു ശാശ്വതപരിഹാരം കണ്ടെത്തും. അപ്രധാനങ്ങളായ കാര്യങ്ങളിൽ അനാവശ്യ മായി ഇടപെട്ട് അബദ്ധങ്ങൾ വരാതിരിക്കാൻ പ്രത്യേക ശ്രദ്ധ വേണം.

കാർത്തിക

ചിങ്ങം:
വിജയസാധ്യതകളെപ്പറ്റി വിലയിരുത്തി, പൊതുജന ആവശ്യം അന്വേഷിച്ചറിഞ്ഞ് പുതിയ പദ്ധതികൾക്കു രൂപകൽപന ചെയ്യും. അധ്വാനഭാരവും ചുമതലകളും കൂടുതലുള്ള സ്ഥലത്തേക്ക് ഉദ്യോഗമാറ്റമുണ്ടാകും. ഗൃഹനിർമാണം പൂർത്തിയാക്കും. അഭിപ്രായം അറിഞ്ഞു പെരുമാറുന്നതും പ്രവർത്തിക്കുന്നതുമായ സന്താനങ്ങളുടെ സമീപനത്തിൽ ആശ്വാസവും ആത്മാഭിമാനവും സുരക്ഷിതത്വവും തോന്നും.

കന്നി:
കൂടുതൽ പ്രവർത്തിച്ച് അൽപം അനുഭവഫലങ്ങൾ ഉണ്ടാകും. ഉപരിപഠനത്തിനു പണം കൊടുത്തു ചേരേണ്ടിവരും. സാഹിത്യം, കലാകായികം, വൈജ്ഞാനികം എന്നീ രംഗങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് അവസരങ്ങളും പ്രോത്സാഹനവും ഉണ്ടാകും. ഉന്നതരുമായി സൗഹൃദബന്ധം പുലർത്തുന്നതു വഴി പുതിയ ആശയങ്ങൾ ഉണ്ടാകും. നിശ്ചയദാർഢ്യത്തോടു കൂടിയ പ്രവർത്തനങ്ങൾ ലക്ഷ്യപ്രാപ്തി നേടും.

തുലാം:
സഹവർത്തിത്വഗുണത്താൽ നല്ല ചിന്തകൾ ഉണ്ടാകും. നിസ്സാരകാര്യങ്ങൾക്കു പോലും കൂടുതൽ പ്രയത്നം വേണ്ടിവരും. വാഹനാപകടം ഉണ്ടാകാതിരിക്കാൻ പ്രത്യേക കരുതൽ വേണം. അംഗീകാരങ്ങൾക്കു കാലതാമസമുണ്ടാകും. ജീവിതയാഥാർഥ്യങ്ങളെ മനസ്സിലാക്കി, വിട്ടുവീഴ്ചമനോഭാവം സ്വീകരിക്കേണ്ടിവരും. അതിലൂടെ ദാമ്പത്യജീവിതത്തിൽ ഏറെക്കുറെ അനുകൂലമായ അന്തരീക്ഷം ഉണ്ടാകും.

വൃശ്ചികം:
വേറിട്ടു താമസിച്ചിരുന്ന ദമ്പതികൾക്ക് ഒരുമിച്ചു താമസിക്കാനുള്ള സാഹചര്യമുണ്ടാകും. സജ-                                    ി –          വസാന്നിധ്യത്താൽ വ്യാ
മേഖലകളിലുള്ള അനിശ്ചിതാവസ്ഥ ഒഴിഞ്ഞുമാറി, നിലനിൽപ് ഉണ്ടാകും. റോഡ് വികസനത്തിനു ഭൂമി വിട്ടുകൊടുക്കുവാനിടവരും. ദുരാചാരങ്ങൾ ഉപേക്ഷിച്ച് സദാചാരപ്രവൃത്തികളിൽ ഏർപ്പെടുന്നതിനാൽ സമാധാനമുണ്ടാകും. നഷ്ടസാധ്യതകൾ വിലയിരുത്തി ചില കർമമണ്ഡലങ്ങളിൽ നിന്നു വിട്ടുനിൽക്കും.

ധനു:
മ-          ൂ –      ത്രാശയ കരൾ നാഡീരോഗ പീഡകൾക്കു വിദഗ്ധചികിത്സയും ശസ്ത്രക്രിയയും വേണ്ടിവരും. ആസൂത്രിതപദ്ധതികളിൽ അന്തിമമായി അനുകൂലവിജയം ഉണ്ടാകും. മറ്റൊരു രാജ്യത്തു സ്ഥിരതാമസമാക്കാനുള്ള

തീരുമാനം തൽക്കാലം ഉപേക്ഷിക്കും. പദ്ധതി ആസൂത്രണങ്ങളിൽ വിജയവും സാമ്പത്തികനേട്ടവും ഉണ്ടാകും. ഭിന്നാഭിപ്രായങ്ങളെ ഏകോപിപ്പിക്കാൻ അശ്രാന്തപരിശ്രമം വേണ്ടിവരും.

രോഹിണി

ചിങ്ങം:
പുനഃപരീക്ഷയിൽ വിജയശതമാനം കൂടും. ഉദ്ദേശിച്ച വിഷയത്തിൽ ആഗ്രഹിച്ച സ്ഥാപനത്തിൽ ഉപരിപഠനത്തിനു ചേരുവാൻ സാധിക്കും. പ്രവർത്തന മേഖലകളിൽ അഭൂതപൂർവമായ പുരോഗതിയും സാമ്പത്തികനേട്ടവും ഉണ്ടാകും. ആഗ്രഹസാഫല്യത്താൽ ആത്മനിർവൃതിയുണ്ടാകും. കലാകായികരംഗങ്ങൾ, നറുക്കെടുപ്പ്, സമ്മാനപദ്ധതികൾ തുടങ്ങിയവയിൽ വിജയിക്കും.

കന്നി:
ദമ്പതികൾക്ക് ഒരുമിച്ചു താമസിക്കാൻ തക്കവണ്ണം ഉദ്യോഗമാറ്റമുണ്ടാകും. പദ്ധതി ആസൂത്രണവിഭാഗത്തിൽ ഉൾപ്പെട്ടതിനാൽ കഴിവിന്റെ പരമാവധി പ്രകടിപ്പിക്കാൻ സാധിക്കും. നിയുക്തപദവിയിൽ നിന്നു സ്ഥാനക്കയറ്റവും സ്ഥാനചലനവും ഉണ്ടാകും. ഗഹനമായ വിഷയങ്ങൾ ലളിതമായി അവതരിപ്പിക്കാൻ സാധിക്കും. ആദരവും വിനയവുമുള്ള സമീപനം മാർഗ്ഗതടസ്സങ്ങളെ അതിജീവിച്ച് സർവകാര്യവിജയം നേടുവാൻ ഉപകരിക്കും.

തുലാം:
അന്ധമായ അമിതവിശ്വാസം അബദ്ധങ്ങൾക്ക് വഴിയൊരുക്കും. കുടുംബജീവിതത്തിൽ ആഹ്ലാദാന്തരീക്ഷം സംജാതമാകും. വിജ്ഞാനം നേടാനും പകർന്നു കൊടുക്കുവാനുമിടവരും. പ്രയത്നങ്ങൾക്കും പ്രവർത്തനങ്ങൾക്കും അനുഭവഫലമുണ്ടാകും. പുതിയ വ്യാപാര വ്യവസായങ്ങളിൽ നിന്നു സാമ്പത്തിക നേട്ടമുണ്ടാകും.

വൃശ്ചികം:
മാതാപിതാക്കളെ അനുസരിക്കുക, ആദരിക്കുക തുടങ്ങിയവ ആദരങ്ങൾക്കു വഴിയൊരുക്കും. വെല്ലുവിളികളെ അതിജീവിക്കാനുള്ള ആത്മധൈര്യമുണ്ടാകും. വാക്കും പ്രവൃത്തിയും വ്യത്യസ്തമാവാതെ സൂക്ഷിക്കണം. ഭരണസംവിധാനത്തിലുള്ള ആശയക്കുഴപ്പം പരിഹരിച്ച് പ്രവർത്തനക്ഷമമാക്കുവാൻ സാധിക്കും.

ധനു:
സുവ്യക്തമായ ധാരണയും ലക്ഷ്യബോധവുമുള്ളതിനാൽ സംയുക്തസംരംഭത്തിൽ നിന്നു പിന്മാറി സ്വന്തമായ വ്യാപാരം തുടങ്ങും. ആരാധനാലയത്തിലെ പുനരുദ്ധാരണപ്രവർത്തനങ്ങൾക്കു സാമ്പത്തികസഹായം ചെയ്യാനിടവരും. ആഹാരപദാർഥങ്ങളിലുള്ള അപാകതകളാൽ അസ്വാസ്ഥ്യമനുഭവപ്പെടും. അസ്ഥിവാത നീർദോഷരോഗങ്ങൾ കൂടും ബന്ധുക്കളോടൊപ്പം പുണ്യതീർഥ- ഉല്ലാസയാത്രയ്ക്ക് അവസരമുണ്ടാകും.

മകയിരം

ചിങ്ങം:
വർഷങ്ങൾക്കു ശേഷം മാതാപിതാക്കളോടൊപ്പം ഓണം ആഘോഷിക്കും. ആശയങ്ങൾ വ്യത്യസ്തമായതിനാൽ സംയുക്തസംരംഭങ്ങളിൽ നിന്നു പിന്മാറും. പൊതുവേ സു ഖദുഃഖമിശ്രമായ ഫലങ്ങളാണ് ഈ മാസം അനുഭവപ്പെടുക. അറിവുള്ള കാര്യങ്ങളാണെങ്കിലും ചിലതു മറന്നുപോകും. വീഴ്ചകൾ ഉണ്ടാകാതെയും ഭക്ഷ്യവിഷബാധയേൽക്കാതെയും സൂക്ഷിക്കണം. പുതിയ കർമപദ്ധതികൾ ഏറ്റെടുക്കേണ്ടിവരുമെങ്കിലും സാമ്പത്തിക ചുമതലയിൽ നിന്നു പിന്മാറുകയാണു നല്ലത്.

കന്നി:
വൈജ്ഞാനികരംഗങ്ങളിൽ പ്രവർത്തിക്കുന്നവർക്കു പുതിയ ആശയങ്ങൾ പ്രാവർത്തികമാക്കുവാൻ സാധിക്കും. വിമർശനങ്ങളെ അതിജീവിക്കാൻ കഴിയും. ഉദ്യോഗമന്വേഷിച്ചുള്ള വിദേശയാത്ര വിഫലമാകും. പുതിയ സംരംഭങ്ങൾക്കു പണം മുടക്കുന്നത് അഭികാമ്യമല്ല. മനസ്സിലുദ്ദേശിക്കുന്ന കാര്യങ്ങൾ ഈശ്വരആരാധനകളാൽ സാധിക്കും.

തുലാം:
സഹായാഭ്യർഥന നിരസിച്ചതിനാൽ സ്വജനശത്രുത കൂടും. ചിന്താമണ്ഡലത്തിൽ പുതിയ ആശയങ്ങൾ പലതും വന്നുചേരുമെങ്കിലും വിദഗ്ധനിർദേശം സ്വീകരിക്കുകയാവും നല്ലത്. സൌമ്യസമീപനത്താൽ അഭിപ്രായവ്യത്യാസങ്ങൾ പരിഹരിക്കപ്പെടും. ബന്ധുക്കൾക്കിടയിലുള്ള തർക്കങ്ങൾക്ക് മധ്യസ്ഥത വേണ്ടിവരും. തൊഴിൽമേഖലകളിൽ സമ്മർദങ്ങളും പ്രതികൂലസാഹചര്യങ്ങളും അതിജീവിക്കുവാൻ അഹോരാത്രം പ്രയത്നം വേണ്ടിവരും.

വൃശ്ചികം:
പ്രണയബന്ധം സഫലമാകും. സഹപാഠികളെ കാണുവാനും ഗതകാലസ്മരണകൾ പങ്കുവയ്ക്കുവാനും അവസരമുണ്ടാകും. മേലധികാരിക്കു തൃപ്തിയാകും വിധത്തിൽ പദ്ധതി സമർപ്പിക്കുവാൻ സാധിക്കും. സുതാര്യതയുള്ള സമീപനത്താൽ എതിർപ്പുകളെ അതിജീവിച്ച് സർവകാര്യവിജയം നേടും. സുരക്ഷിതമായ ഗൃഹത്തിലേക്കു മാറിത്താമസിക്കും.

ധനു:
കൈവിട്ടുപോകുമെന്നു കരുതിയ വസ്തുവകകൾ തിരിച്ചു വാങ്ങുവാൻ സാധിക്കും. സന്താനഭാഗ്യമുണ്ടാകും. ശ ിരോ നാഡീ രോഗപീഡകൾക്ക് ചികിത്സ വേണ്ടിവരും. സഹപ്രവർത്തകരുടെ തർക്കങ്ങൾ പരിഹരിക്കുന്നതിൽ ആത്മസംതൃപ്തിയുണ്ടാകും. ഔദ്യോഗികമായി മുടങ്ങിക്കിടപ്പുള്ള സ്ഥാനമാനങ്ങളും ആനുകൂല്യങ്ങളും മുൻകാല പ്രാബല്യത്തോടുകൂടി ശമ്പളവർധനയോടെ ലഭിക്കും.

തിരുവാതിര

ചിങ്ങം:

അസാധ്യമെന്നു തോന്നുന്ന പലതും നിഷ്കർഷയോടു കൂടിയ പ്രവർത്തനങ്ങളാൽ സാധിക്കും. മക്കളുടെ വിദ്യാഭ്യാസ, ഉദ്യോഗ വിഷയങ്ങളിലുള്ള ലക്ഷ്യപ്രാപ്തിയിൽ ആശ്വാസം തോന്നും. കലാകായിക മത്സരങ്ങൾക്കു പരിശീലനം തുടങ്ങും. നീതിന്യായങ്ങൾ നടപ്പിലാക്കുവാൻ നിയമസഹായം തേടും. കുടുംബത്തിലെ അഭിപ്രായവ്യത്യാസം പരിഹരിച്ച് ആഹ്ലാദ അന്തരീക്ഷം സംജാതമാകും.

കന്നി:
ധർമപ്രവൃത്തികൾക്കും പുണ്യപ്രവൃത്തികൾക്കും സഹകരിക്കും. അനാവശ്യമായ ആധിയും ദുസ്സംശയങ്ങളും ഒഴിവാക്കണം. നിലവിലുള്ള വാഹനം മാറ്റി വലിയ വാഹനം വാങ്ങുവാനിടവരും. കാര്യകാരണസഹിതം സമർപ്പിക്കുന്ന പദ്ധതികൾക്ക് അംഗീകാരം ലഭിക്കും. സാധുകുടുംബത്തിലെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് സാമ്പത്തികസഹായം ചെയ്യുവാൻ അവസരമുണ്ടാകും.

തുലാം:
ഗൃഹനിർമാണം പൂർത്തിയാക്കി ഗൃഹപ്രവേശനകർമം നിർവഹിക്കാൻ കഴിയും. മുടങ്ങിക്കിടപ്പുള്ള വഴിപാടുകൾ ചെയ്തുതീർക്കുവാനിടവരും. വ ാത നാഡീ ഹൃദ് രോഗങ്ങൾക്കെതിരെ ജാഗ്രത വേണം. വിട്ടുവീഴ്ചമനോഭാവം സ്വീകരിച്ചാൽ ദാമ്പത്യബന്ധം പുനഃസ്ഥാപിച്ച് സ്വസ്ഥതയും സമാധാനവും ഉണ്ടാകും. കടംകൊടുത്തസംഖ്യ ഗഡുക്കളായി ലഭിക്കാൻ ധാരണയാകും.

വൃശ്ചികം:
മക്കളുടെ സുരക്ഷിതത്വം മാനിച്ച് സുരക്ഷിതത്വമുള്ള സ്ഥലത്തേക്കു മാറിത്താമസിക്കും. സ്വതസ്സിദ്ധമായ ശൈലി പലർക്കും മാതൃകാപരമായി എന്നറിഞ്ഞതാൽ ആശ്വാസമാകും. പഠിച്ച വിഷയത്തോടനുബന്ധമായ ഉ ദ്യോഗം ലഭിക്കും. കുടുംബബന്ധം നിലനിർത്താനും സ്വത്തുതർക്കം പരിഹരിക്കാനും വിട്ടുവീഴ്ചമനോഭാവം സ്വീകരിക്കും. അർഹമായ കാര്യങ്ങൾ അനുഭവത്തോടു കൂടി പ്രാബല്യത്തിൽ വന്നുചേരും.

ധനു:
ഒട്ടേറെ കാര്യങ്ങൾ നിഷ്കർഷയോടു കൂടി ചെയ്തു തീർക്കുന്നതിൽ ആത്മസംതൃപ്തിയുണ്ടാകും. സ്വയംഭരണാധികാരം ലഭിച്ചതിനാൽ ആത്മാർഥമായി പ്രവർ ത്തിച്ച് സർവകാര്യങ്ങളിലും ലക്ഷ്യപ്രാപ്തി നേടും. സഹപ്രവർത്തകരുടെ സഹായസഹകരണത്താൽ മേലധികാരി ഏൽപിച്ച പദ്ധതി പൂർത്തിയാക്കാൻ കഴിയും. അനാവശ്യമായ ആധി ഒഴിവാക്കണം. സമാനചിന്താഗതിയിലുള്ളവരുമായി സംസർഗത്തിലേർപ്പെടുവാനും പുതിയ ആശയങ്ങൾ സ്വീകരിക്കുവാനും ഇട വരും.

പുണർതം

ചിങ്ങം:
നിലവിലുള്ള പാഠ്യപദ്ധതി ഉപേക്ഷിച്ച് തൊഴിലധിഷ്ഠിത പാഠ്യപദ്ധതിയിൽ ചേരും. സന്താനങ്ങൾക്ക് സാമ്പത്തിക നിയന്ത്രണം ഏർപ്പെടുത്തും. അധികാരപരിധി

വർധിക്കുന്നതിനാൽ കീഴ്ജീവനക്കാരെ നിയമിക്കും. ആഗ്രഹിച്ച പോലെ സന്താനഭാഗ്യമുണ്ടാകും. അനാവശ്യമായ അശുഭചിന്തകൾ ഉപേക്ഷിക്കണം.

കന്നി:
പൊതുതാൽപര്യം മാനിച്ച് വികസനപ്രവർത്തനങ്ങളിൽ ഏർപ്പെട്ട്, ലക്ഷ്യപ്രാപ്തിയിലെത്തിക്കുവാൻ സാധിക്കും. പ്രത്യുപകാരം ചെയ്യുവാൻ അവസരമുണ്ടാകും. എല്ലാ പ്രകാരത്തിലും താങ്ങും തണലുമായി പ്രവർത്തിക്കുന്നവരെ അനുമോദിക്കാൻ അവസരമുണ്ടാകും. ഗുരുകാരണവന്മാരുടെ അനുഗ്രഹാശിസ്സുകളോടുകൂടി ചെയ്യുന്ന പ്രവർത്തനങ്ങൾ വിജയിക്കും. ജീവിതപങ്കാളിയുടെ ആശയങ്ങൾ വിപരീതസാഹചര്യങ്ങളെ അതിജീവിക്കുവാൻ സഹായകമാകും.

തുലാം:
സ്വപ്നത്തിൽ കാണുവാനിടയായ കാര്യങ്ങൾ വർഷാന്ത്യത്തിൽ സഫലമാകും. പ്രാദേശികപിന്തുണ ലഭിച്ചതിനാൽ കക്ഷിരാഷ്ട്രീയ മത്സരത്തിൽ വിജയിക്കും. അന്യരുടെ വിഷമാവസ്ഥകൾക്ക് ശാശ്വതപരിഹാരം നിർദേശിക്കുവാൻ സാധിക്കുന്നതിനാൽ ആത്മസംതൃപ്തിയുണ്ടാകും. പണംകൊടുത്ത് പൂർവികസ്വത്ത് വാങ്ങുവാൻ തയാറാകും. പ്രശസ്തിയാർന്ന പ്രവർത്തനങ്ങൾക്ക് വിദ്യുജ്ജനങ്ങളുടെ പ്രശംസ വന്നുചേരും.

വൃശ്ചികം:
സമ്പൂർണ അധികാരം ലഭിച്ചതിനാൽ ഭരണസംവിധാനത്തിൽ മാറ്റങ്ങൾ വരുത്തി പ്രവർത്തനക്ഷമമാക്കും. കാര്യകാരണസഹിതം സമർപ്പിക്കുന്ന അപേക്ഷകൾക്ക് അനുകൂല പ്രതികരണമുണ്ടാകും. ആധ്യാത്മിക- ആത്മീയ പ്രഭാഷണങ്ങൾ ക്ഷമിക്കുവാനും സഹിക്കുവാനുമുള്ള മനസ്സിനെ ഉണർത്തും. നഷ്ടസാദ്ധ്യതകളെ വിലയിരുത്തി, വ്യവസായം വിൽപന ചെയ്ത്, വിദേശയാത്ര പുറപ്പെടും. ആത്മവിശ്വാസക്കുറവിനാൽ ഊഹക്കച്ചവടത്തിൽ നിന്നു പിന്മാറുകയാണു നല്ലത്.

ധനു:
അന്യരുടെ കാര്യങ്ങളിൽ അനാവശ്യമായി ഇടപെടുന്നതും സ്വന്തം ചുമതലകൾ അന്യരെ ഏൽപിക്കുന്നതും അബദ്ധമാകും. ചെയ്യുന്ന കാര്യങ്ങൾ, പറയുന്ന വാക്കുകൾ, ചിന്തിക്കുന്ന ആശയങ്ങൾ തുടങ്ങിയവ മറ്റുള്ളവർക്ക് ഫലപ്രദമായിത്തീരുന്നതിനാൽ ആശ്ചര്യമനുഭവപ്പെടും. അറിവുള്ള വിഷയങ്ങൾ ആവശ്യമുള്ള സമയത്ത് അവതരിപ്പിക്കുവാൻ സാധിക്കുകയില്ല.

പൂയം

ചിങ്ങം:
ആത്മവിശ്വാസം, കാര്യനിർവഹണശക്തി, ഉത്സാഹം തുടങ്ങിയവ പ്രവർത്തനക്ഷമതയ്ക്കും ആഗ്രഹസാഫല്യത്തിനും വഴിയൊരുക്കും. ചിന്തകൾക്കതീതമായി പ്രവർത്തിക്കുന്നതിനാൽ ആശ്വാസം ഉണ്ടാകും. ഗുരുകാരണവന്മാരുടെ വാക്കുകൾ അനുസരിക്കുന്നതിനാൽ സർവകാര്യവിജയത്തിലുപരി ആത്മാഭിമാനവും ഉണ്ടാകും. കടം കൊടുത്ത

സംഖ്യ തിരിച്ചുലഭിക്കും. മറ്റുള്ളവരുടെ ഉയർച്ചയിൽ അഭിനന്ദിക്കുന്നതുവഴി ആത്മാഭിമാനമുണ്ടാകും.

കന്നി:
അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ സാധിക്കും. സന്താനഭാഗ്യമുണ്ടാകും. വിവേചനബുദ്ധിയും അനുഭവജ്ഞാനവും പൊതുജനാവശ്യവും പുതിയ തൊഴിൽമേഖലകളുടെ ആശയങ്ങൾക്കു വഴിയൊരുക്കും. വിദേശത്തു താമസിക്കാനിടവരും. പ്രായത്തിലുപരി, പക്വതയോടുകൂടിയ സമീപനം നേടുന്നതിനാൽ സൽക്കീർത്തിയും സജ്ജനബഹുമാന്യതയും വന്നുചേരും.

തുലാം:
ചികിത്സ ഫലിക്കും. അൽപ്പണമനോഭാവവും ലക്ഷ്യബോധവും പുതിയ അവസരങ്ങൾക്കു വഴിയൊരുക്കും. ബന്ധുവിന്റെ അകാലവിയോഗം ഗതകാലസ്മരണകൾക്കു വഴിയൊരുക്കും. പറയുന്ന വാക്കുകളും ചെയ്യുന്ന പ്രവർത്തനങ്ങളും ആശയങ്ങളും ഫലപ്രദമായ രീതിയിൽ അനുഭവത്തിൽ വന്നുചേരും. നഷ്ടപ്പെട്ടു എന്നു കരുതുന്ന രേഖകൾ തിരിച്ചു ലഭിക്കും.

വൃശ്ചികം:
കീഴ്ജീവനക്കാരുടെ പിൻബലത്താൽ പുതിയ കരാറുജോലിയിൽ ഒപ്പുവയ്ക്കും. കുടുംബജീവിതത്തിൽ സ്വസ്ഥതയും സമാധാനവും ദാമ്പത്യഐക്യവും ഉണ്ടാകും. ബൃഹത്തായ വികസനപദ്ധതി ആസൂത്രണസംഘത്തിൽ ഉൾപ്പെടുവാനിടവന്നതിനാൽ ആത്മാഭിമാനം തോന്നും. സ്വതസ്സിദ്ധമായ ശൈലി പലർക്കും മാതൃകാ പരമായി എന്നറിഞ്ഞതിനാൽ ആശ്വാസമാകും. പഠിച്ച വിഷയത്തോടനുബന്ധമായ ഉദ്യോഗം ലഭിക്കും.

ധനു:
കുടുംബബന്ധം നിലനിർത്താനും സ്വത്തുതർക്കം പരിഹരിക്കാനും വിട്ടുവീഴ്ചമനോഭാവം സ്വീകരിക്കും. അർഹമായ കാര്യങ്ങൾ അനുഭവത്തോടു കൂടി പ്രാബല്യത്തിൽ വന്നുചേരും. ഒട്ടേറെ കാര്യങ്ങൾ നിഷ്കർഷയോടു കൂടി ചെയ്തുതീർക്കുന്നതിൽ ആത്മസംതൃപ്തിയുണ്ടാകും. സ്വയംഭരണാധികാരം ലഭിച്ചതിനാൽ ആത്മാ ർത്ഥമായി പ്രവർത്തിച്ച് സർവകാര്യങ്ങളും ലക്ഷ്യപ്രാപ്തി നേടും. സഹപ്രവർത്തകരുടെ സഹായസഹകരണത്താൽ മേലധികാരി ഏൽപിച്ച പദ്ധതി പൂർത്തിയാക്കാൻ സാധിക്കും.

ആയില്യം

ചിങ്ങം:
പഠിച്ച വിഷയത്തോട് അനുബന്ധമായ ഉദ്യോഗം ലഭിക്കും. ആഗ്രഹിച്ച സ്ഥാനമാനങ്ങളും മുടങ്ങിക്കിടപ്പുള്ള ആനുകൂല്യങ്ങളും മുൻകാല പ്രാബല്യത്തോടുകൂടി അനുഭവത്തിൽ വന്നുചേരും. അന്യദേശത്തു വസിക്കുന്നവർക്ക് തൊഴിൽപരമായ അനിശ്ചിതാവസ്ഥ ഒഴിഞ്ഞുമാറി ഗൃഹംവാങ്ങി താമസമാക്കുവാൻ സാധിക്കും. വ്യാപാര വ്യവസായ

വിപണനമേഖലകളിൽ ക്രമാനുഗതമായ വളർച്ചയും സാമ്പത്തികനേട്ടവും
അനുഭവപ്പെടും.

കന്നി:
ദമ്പതികൾക്ക് ഒരുമിച്ചു താമസിക്കുവാൻ തക്കവണ്ണമുള്ള സാഹചര്യവും
ഉദ്യോഗമാറ്റവും ഉണ്ടാകും. കുടുംബജീവിതത്തിൽ ആഹ്ലാദ അന്തരീക്ഷം
സംജാതമാകും. മാതാപിതാക്കളുടെ അനുഗ്രഹാശിസ്സുകളോടു കൂടി ചെയ്യുന്ന
പ്രവർത്തനങ്ങൾ എല്ലാം ലക്ഷ്യപ്രാപ്തി നേടും. അഭയം പ്രാപിച്ചു വരുന്നവർക്ക്
ആശ്രയം നൽകും. വാഹനം മാറ്റി വാങ്ങുവാനിടവരും.

തുലാം:
ദീർഘകാലനിക്ഷേപമെന്ന നിലയിൽ ഭൂമി വാങ്ങുവാൻ ആലോചിക്കും.
അന്യദേശത്തു വസിക്കുന്നവർക്കു മാതാപിതാക്കളെ ഒരുമിച്ചു താ
മസിപ്പിക്കുവാൻ സാധിക്കും. ആഗ്രഹസാഫല്യത്താൽ
ആത്മനിർവൃതിയുണ്ടാകും. മനസ്സംതൃപ്തിയോടു കൂടി ബന്ധുവിന് സാമ്പത്തിക
സഹായം ചെയ്യുവാനിടവരും. കുടുംബാംഗങ്ങളുടെ ആവശ്യങ്ങൾ
നിർവഹിക്കുന്നതിൽ കൃതാർത്ഥതയുണ്ടാകും.

വൃശ്ചികം:
വർഷങ്ങൾക്കു ശേഷം ജന്മനാട്ടിലെ ആരാധനാലയത്തിലെ
ഉത്സവാഘോഷങ്ങളിൽ പങ്കെടുക്കുവാൻ സാധിക്കും. അർഹമായ
പൂർവികസ്വത്തുക്കൾ രേഖാപരമായി ലഭിക്കും. സെമിനാറുകളിലും മറ്റും
അറിവുള്ളതിനെക്കാൾ ഭംഗിയായി അവതരിപ്പിക്കുവാൻ സാധിച്ചതിൽ
ആശ്ചര്യമനുഭവപ്പെടും. ചിന്തകൾക്കതീതമായി പ്രവർത്തിക്കുവാൻ
അവസരമുണ്ടാകും. ശുഭാപ്തിവിശ്വാസവും കാര്യനിർവഹണശക്തിയും കൂടും.

ധനു:
ചിത്രംവര, വാസ്തുവിദ്യ, ശില്പശാസ്ത്രം, കലാകായികരംഗങ്ങൾ,
സാഹിത്യരചനകൾ തുടങ്ങിയവയിൽ ഭാവനയ്ക്കനുസൃതമായി
അവതരിപ്പിക്കാൻ കഴിയും. കക്ഷിരാഷ്ട്രീയ പ്രവർത്തനങ്ങളിൽ
ഉത്സാഹത്തോടുകൂടി പ്രവർത്തിക്കുമെങ്കിലും അനുഭവഫലം കുറയും.
സന്താനങ്ങളുടെ ബഹുവിധ ആവശ്യങ്ങൾക്കായി അവധി എടുക്കേണ്ടിവരും.
ഏറ്റെടുത്ത ദൗത്യം മനസ്സംസതൃപ്തിയോടു കൂടി നി ശ്ചിത സമയപരിധിക്കുള്ളിൽ
പൂർത്തിയാക്കും.

മകം

ചിങ്ങം:
യാത്രാക്ലേശവും ദൂരദേശവാസവും വേണ്ടിവരുന്ന വിഭാഗത്തിലേക്ക്
ഉദ്യോഗമാറ്റമുണ്ടാകും. കക്ഷിരാഷ്ട്രീയപ്രവർത്തനങ്ങളിൽ സജീവസാന്നിധ്യം
വേണ്ടിവരുമെങ്കിലും അനുഭവഫലം കുറയും. നിയന്ത്രണങ്ങൾക്കു വിധേയനായി

ഉപരിപഠനത്തിനു ചേരുവാനിടവരും. കൂട്ടുകെട്ടുകളിൽ നിന്ന് അബദ്ധമുണ്ടാവാതെ സൂക്ഷിക്കണം. ഭയ-ഭക്ത ി ബഹുമാനത്തോടു കൂടി ചെയ്യുന്ന പ്രവർത്തനങ്ങൾ അന്തിമനിമിഷത്തിൽ ലക്ഷ്യപ്രാപ്തി നേടും.

കന്നി:
പുരോഗതിയില്ലാത്ത ഗൃഹം വിൽക്കുവാൻ തയാറാകും. ഒരു പരിധിയിലധികം പണം കുറച്ച് കൊണ്ടേറ്റെടുക്കുന്ന കർമപദ്ധതികൾ നഷ്ടങ്ങൾക്കു വഴിയൊരുക്കും. ജീവിതപങ്കാളിയുടെ തൊഴിൽപരമായ അനിഷ്ടാവസ്ഥകൾ പരിഹരിക്കുവാൻ പ്രത്യേക ഈശ്വരപ്രാർഥനകൾ നടത്തും. അപരിചിതരുമായുള്ള ആത്മബന്ധത്തിൽ പണനഷ്ടത്തിനു സാധ്യതയുണ്ട്. നിർണായകമായ തീരുമാനങ്ങൾക്ക് വിദഗ്ധ നിർദേശം വേണ്ടിവരും.

തുലാം:
തൊഴിൽമേഖലകളോടു ബന്ധപ്പെട്ട് മാനസികസമ്മർദം വർധിക്കും. വ്യാപാര വ ൃ- വസായ വിപണന വിതരണമേഖലകളിൽ പ്രതീക്ഷിച്ച നേട്ടം കുറയും. സംയുക്തസംരംഭങ്ങളിൽ നിന്നു പിൻമാറുവാനിടവരും. പലവിധ വിശേഷ അവസരങ്ങൾക്കും ഉത്സവാഘോഷങ്ങൾക്കുമായി പലപ്പോഴുമായി ജന്മനാട്ടിൽ വന്നുപോകുവാനിടവരും. മറ്റുള്ളവരുടെ ദൃഷ്ടിയിൽ ധനാഢ്യനെന്നു തോന്നുന്ന വിധത്തിൽ ജീവിതവൃത്തി നയിക്കുന്നതിൽ ആത്മാഭിമാനം തോന്നും.

വൃശ്ചികം:
കർമമേഖലകളിൽ അത്യധ്വാനം ചെയ്താലും പ്രതീക്ഷിച്ച അംഗീകാരവും അനുഭവവും ഉണ്ടാകുകയില്ല. നവദമ്പതികളെ ആശീർവദിക്കാൻ അവസരമുണ്ടാകും. ഉദ്ദേശിച്ച വിഷയത്തിൽ ഉപരിപഠനത്തിനു ചേരുവാൻ സാധിക്കും. ദീർഘകാലപദ്ധതികൾക്ക് ഉപദേശങ്ങളും നിർദേശങ്ങളും സ്വീകരിക്കും. വർഷങ്ങൾക്കു മുമ്പ് അപേക്ഷിച്ച വിദേശസ്ഥിരതാമസാനുമതി ലഭിക്കും.

ധനു:
അസാധ്യമെന്നു തോന്നുന്ന പലതും നിഷ്കർഷയോടു കൂടിയ പ്രവർത്തനങ്ങളാൽ സാധിക്കും. ധർമപ്രവൃത്തികൾക്കും പുണ്യപ്രവൃത്തികൾക്കും സഹകരി. അനാവശ്യമായ ആധിയും ദുസ്സംശയങ്ങളും ഒഴിവാക്കണം. നിലവിലുള്ള വാഹനം മാറ്റി വലിയ വാഹനം വാങ്ങുവാനിടവരും. കാര്യകാരണസഹിതം സമർപ്പിക്കുന്ന അപേക്ഷകൾക്ക് അംഗീകാരം ലഭിക്കും.

പൂരം

ചിങ്ങം:
പുണ്യതീർഥയാത്രയ്ക്ക് അവസരം വന്നുചേരും. കക്ഷിരാഷ്ട്രീയപ്രവർത്തനങ്ങളിൽ സജീവസാന്നിധ്യം വേണ്ടിവരുമെങ്കിലും അനുഭവഫലം കുറയും. സൗഹൃദസംഭാഷണത്തിൽ പുതിയ ആശയങ്ങൾ വന്നുചേരും. നിയന്ത്രണങ്ങൾക്കു വിധേയനായി ഉപരിപഠനത്തിനു ചേരുവാനിടവരും. കൂട്ടുകെട്ടുകളിൽ നിന്ന് അബദ്ധമുണ്ടാകാതെ സൂക്ഷിക്കണം.

കന്നി:
ഭയ-ഭക്ത ി ബഹുമാനത്തോടു കൂടി ചെയ്യുന്ന പ്രവർത്തനങ്ങൾ അന്തിമനിമിഷത്തിൽ ലക്ഷ്യപ്രാപ്തി നേടും. വീടു വിൽക്കുവാൻ തയാറാകും. പണം കുറച്ച് ഏറ്റെടുക്കുന്ന കർമപദ്ധതികൾ നഷ്ടങ്ങൾക്കു വഴിയൊരുക്കും. ജീവിതപങ്കാളിയുടെ തൊഴിൽപരമായ അനിഷ്ടാവസ്ഥകൾ പരിഹരിക്കാൻ പ്രത്യേക ഈശ്വരപ്രാർഥനകൾ നടത്തും.

തുലാം:
അപരിചിതരുമായുള്ള ആത്മബന്ധത്തിൽ പണനഷ്ടത്തിനു സാധ്യതയുണ്ട്. നിർണായകമായ തീരുമാനങ്ങൾക്കു വിദഗ്ധനിർദേശം വേണ്ടിവരും. തൊഴിൽ മേഖലകളോടു ബന്ധപ്പെട്ട് മാനസികസമ്മർദം കൂടും. വ ്യാപാര വ്യവസായ വ ിപണന വിതരണമേഖലകളിൽ പ്രതീക്ഷിച്ച നേട്ടം കുറയും. യുക്ത സംരംഭങ്ങളിൽ നിന്നു പിൻമാറുവാനിടവരും. പുതിയ വിദ്യ അഭ്യസിച്ചുതുടങ്ങും.

വൃശ്ചികം:
പലവിധ വിശേഷ അവസരങ്ങൾക്കും ഉത്സവാഘോഷങ്ങൾക്കുമായി പലപ്പോഴുമായി ജന്മനാട്ടിൽ വന്നു പോകുവാനിടവരും. മറ്റുള്ളവരുടെ ദൃഷ്ടിയിൽ ധനാഢ്യനെന്നു തോന്നുന്ന വിധത്തിൽ ജീവിതവൃത്തി നയിക്കുന്നതിൽ ആത്മാഭിമാനം തോന്നും. കർമമേഖലകളിൽ അത്യധ്വാനം ചെയ്താലും പ്രതീക്ഷിച്ച അംഗീകാരവും അനുഭവവും ഉണ്ടാകില്ല. നവദമ്പതികളെ ആശീർവദിക്കാൻ അവസരമുണ്ടാകും. അധികൃതരുടെ ആജ്ഞകൾ അർധമനസ്സോടുകൂടി ചെയ്തുതീർക്കും.

ധനു:
ഉദ്ദേശിച്ച വിഷയത്തിൽ ഉപരിപഠനത്തിനു ചേരാൻ സാധിക്കും. ദീർഘകാലപദ്ധതികൾക്ക് ഉപദേശങ്ങളും നിർദേശങ്ങളും സ്വീകരിക്കും. വർഷങ്ങൾക്കു മുൻപ് അപേക്ഷിച്ച വിദേശ സ്ഥിരതാമസാനുമതി ലഭിക്കും. അസാധ്യമെന്നു തോന്നുന്ന പലതും നിഷ്കർഷയോടുകൂടിയ പ്രവർത്തനങ്ങളാൽ സാധിക്കും. മക്കളുടെ വിദ്യാഭ്യാസ, ഉദ്യോഗ വിഷയങ്ങളിലുള്ള ലക്ഷ്യപ്രാപ്തിയിൽ ആശ്വാസം തോന്നും.

ഉത്രം

ചിങ്ങം:
വ ്യ- ാ- പാര വിപണന വിതരണ വ്യവസായ മേഖലകളിൽ പ്രതീക്ഷിച്ച
ഉണർവും സാമ്പത്തികനേട്ടവും ഉണ്ടാകും. വിജ്ഞാനം നേടാനും നൽകാനും അവസരമുണ്ടാകും. ആഗ്രഹിച്ച വിഷയത്തിൽ ഉപരിപഠനത്തിനു ചേരാൻ സാധിക്കും. സുദീർഘമായ ചർച്ചയിലൂടെ സങ്കീർണമായ പ്രശ്നങ്ങൾ പരിഹരിക്കപ്പെടും.

കന്നി:
ഉത്തേജനമരുന്നുകൾ ഉപേക്ഷിച്ച് പ്രകൃതിജീവന ഔഷധരീതി അവലംബിക്കും.

അഭ്യൂഹങ്ങൾ പലതും കേൾക്കുവാനിടവരുമെങ്കിലും സത്യാവസ്ഥ അറിയാതെ പ്രതികരിക്കരുത്. ദേഹത്തിനു തളർച്ച, പക്ഷവാതം തുടങ്ങിയവയ്ക്ക് ചികിത്സ വേണ്ടിവരും. നയതന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിൽ ലക്ഷ്യപ്രാപ്തി നേടും. ഭാര്യാഭർത്താക്കന്മാർക്ക് ഒരുമിച്ചു താമസിക്കാൻ തക്കവണ്ണം ഉദ്യോഗമാറ്റമുണ്ടാകും.

തുലാം:
സുതാര്യവും നീതിയുക്തവുമായ സംസാരശൈലി സർവാദരങ്ങൾക്കും വഴിയൊരുക്കും. പുതിയ വീടു വാങ്ങി താമസിച്ചുതുടങ്ങും. ആഗ്രഹിച്ച വിദേശയാത്ര സഫലമാകും. ഈശ രപ്രാർഥനകളാലും അ ചികിത്സകളാലും സന്താനഭാഗ്യമുണ്ടാകും. അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തും. പാരമ്പര്യപ്രവൃത്തികൾക്കു പരിശീലനം നേടി പ്രവർത്തനതലത്തിൽ കൊണ്ടുവരും.

വൃശ്ചികം:
ജനോപകാരപ്രദമായ പ്രവൃത്തികളിൽ ഏർപ്പെടുന്നത് ആശ്വാസത്തിനും മനസ്സംതൃപ്തിക്കും അംഗീകാരത്തിനും വഴിയൊരുക്കും. സത്യസന്ധമായ പ്രവർത്തനങ്ങൾ വിമർശനങ്ങളെ അതിജീവിക്കുന്നതിനു വഴിയൊരുക്കും. സ്വന്തം നിലപാടിൽ നിന്നു വ്യതിചലിക്കാതെ ഏകാഗ്രതയോടും ദീർഘസമഗ്രവീക്ഷണങ്ങളോടും കൂടിയ പ്രവർത്തനങ്ങൾ ലക്ഷ്യപ്രാപ്തി നേടും.

ധനു:
പരീക്ഷ, ഇന്റർവ്യൂ, സന്ധിസംഭാഷണം തുടങ്ങിയവയിൽ തൃപ്തിയാകുംവിധത്തിൽ അവതരിപ്പിച്ച് പ്രശസ്തവിജയം നേടും. ആത്മവിശ്വാസം, ഉത്സാഹം, ഉന്മേഷം, കാര്യനിർവഹണശക്തി തുടങ്ങിയവ പ്രവർത്തനക്ഷമതയ്ക്കു വഴിയൊരുക്കും. പുത്രപൗത്രാദി സംരക്ഷണത്താൽ ആശ്വാസമുണ്ടാകും. മേലധികാരിയുടെ തെറ്റിദ്ധാരണ ഒഴിവാക്കുവാൻ വ്യക്തമായ വിശദീകരണം നൽകുവാനിടവരും. ഉല്ല ാസ പുണ്യതീർഥ ദേവാലയദർശന യാത്രകൾക്ക് അവസരമുണ്ടാകും.

അത്തം

ചിങ്ങം:
ഭൂരിപക്ഷാഭിപ്രായത്തെ മാനിക്കുന്നതിനാൽ ആത്മസംതൃപ്തിയുണ്ടാകും. ഗൗരവമുള്ള വിഷയങ്ങൾ ലാഘവത്തോടു കൂടി അവതരിപ്പിക്കാൻ സാധിക്കും. ഗവേഷകർക്കും ശാസ്ത്രജ്ഞർക്കും വിദ്യാർഥികൾക്കും അനുകൂലഫലങ്ങൾ വന്നുചേരും. സ്വപ്നസാക്ഷാൽക്കാരത്താൽ ആത്മനിർവൃതിയുണ്ടാകും. സഹപ്രവർത്തകരോടൊപ്പം ഓണം ആഘോഷിക്കാൻ അവസരമുണ്ടാകും.

കന്നി:
ഭൗതികസൗഖ്യങ്ങളോടൊപ്പം ആധ്യാത്മിക ആനന്ദവും അനുഭവിക്കാൻ അവസരമുണ്ടാകും. കഴിവിനും പ്രാപ്തിക്കും അംഗീകാരം ലഭിക്കും. വിദേശബന്ധമുള്ള വ്യാപാരവ്യവസായങ്ങളുടെ ആശയങ്ങൾ വന്നുചേരും.

സ്തുത്യർഹമായ സേവനം കാഴ്ചവയ്ക്കുന്നതിൽ ആത്മാഭിമാനമുണ്ടാകും. ഭരണസംവിധാനത്തിലെ പുതിയ ആശയം അവലംബിക്കുവാനും ലക്ഷ്യപ്രാപ്തിയിലെത്തിക്കുവാനുംസാധിക്കും.

തുലാം:
ശ- ാസ്ത്രീയ പ്രായോഗികവശങ്ങൾ ചിന്തിച്ചുചെയ്യുന്ന കാര്യങ്ങൾ അനുഭവപ്രാപ്തി നേടും. സത്യസന്ധവും നീതിയുക്തവുമായ സമീപനം സർവാദരങ്ങൾക്കും വഴിയൊരുക്കും. ജന്മസിദ്ധമായ കഴിവുകൾ പ്രകടിപ്പിക്കുവാൻ അവസരമുണ്ടാകും. സാമ്പത്തികപുരോഗതി കൈവന്നുചേരുന്നതിനാൽ ഗൃഹനിർമാണം പൂർത്തിയാക്കി ഗൃഹപ്രവേശനകർമം നിർവഹിക്കും. നഷ്ടപ്പെട്ടു എന്നു കരുതിയ പൂർവികസ്വത്ത് ഏറെക്കുറെ തിരിച്ചുലഭിക്കാൻ ധാരണയാകും.

വൃശ്ചികം:
ന- ാ- ഡീ പ്രമേഹരോഗങ്ങൾക്കു പ്രകൃതി ആയുർവേദചി
പ്രാണായാമവും വ്യായാമവും വേണ്ടിവരും. ഉപരിപഠനത്തിന് ഉദ്ദേശിച്ച വിഷയത്തിന് തൃ പ്തിയുള്ള സ്ഥാപനത്തിൽ ചേരും. കുടുംബാംഗങ്ങളുടെ ആവശ്യങ്ങൾക്കു പ്രഥമപരിഗണന നൽകുന്ന സന്താനങ്ങളുടെ സമീപനത്തിൽ ആശ്വാസം തോന്നും. ദമ്പതികൾക്കു വിട്ടുവീഴ്ചമനോഭാവം നിർബന്ധമായും വേണ്ടിവരും. കാഴ്ചപ്പാടിന്റെ വ്യത്യസ്തകളാൽ സംയുക്തസംരംഭത്തിൽ നിന്നു പിന്മാറും.

ധനു:
ഉപകാരം ചെയ്തുകൊടുത്തവരിൽ നിന്നു വിപരീതപ്രതികരണങ്ങൾ വന്നുചേരും. ഉത്തരവാദിത്തങ്ങൾ അന്യരെ ഏൽപിക്കരുത്. സുഹൃത്തുക്കളുടെ ഉപദേശത്താലും ഈശ്വരപ്രാർഥനകളാലും പലപ്പോഴും അനുഭവപ്പെടുന്ന വിരസതയെ അതിജീവിക്കും. വിജ്ഞാനം നേടാനും പകർന്നുകൊടുക്കാനും അവസരം വന്നുചേരും. പ്രത്യുപകാരം ചെയ്യുവാൻ സാധിക്കുന്നതിനാൽ കൃതാർഥതയുണ്ടാകും.

ചിത്തിര

ചിങ്ങം:
സത്യസന്ധവും നീതിയുക്തവുമായ സമീപനത്താൽ ആദരം ലഭിക്കും. ഫലപ്രദമായ നിർദേശങ്ങൾ സ്വീകരിച്ചു തുടങ്ങുന്ന തൊഴിൽ മേഖലകളിൽ നിന്ന് അൽപം കഴിഞ്ഞാലെങ്കിലും സാമ്പത്തികനേട്ടമുണ്ടാകും. മാതൃകാപരമായ പ്രവർത്തനം കാഴ്ചവയ്ക്കുവാനിടവരും. അനുഭവഫലമുണ്ടാകാൻ അൽപം കാലതാമസമുണ്ടാകും. വിനോദയാത്ര മംഗളകരമാകും.

കന്നി:
വിജയശതമാനം കുറഞ്ഞതിനാൽ ഉദ്ദേശിച്ച വിഷയത്തിനു പണം കൊടുത്തു ചേരേണ്ടിവരും. വ്യക്തിത്വത്തിനു യോജിക്കാത്ത പ്രവൃത്തിയിൽ നിന്നു പി ന്മാറുന്നതു ഭാവിയിലേക്ക് ഉപകാരപ്രദമാകും. ജീവിതനിലവാരം മെച്ചപ്പെടുവാനും വീടു വാങ്ങുവാനും അവസരമുണ്ടാകും.

ഈശ്വരപ്രാർഥനകളാലും കൃത്യമായ ചികിത്സലഭിക്കുന്നതിനാലും സന്താനഭാഗ്യമുണ്ടാകും. എന്നാൽ പൂർണ്ണവിശ്രമം വേണ്ടിവരും.

തുലാം:
യാഥാർഥ്യങ്ങളോടു പൊരുത്തപ്പെട്ടു ജീവിക്കുന്നതിനാൽ കുടുംബത്തിൽ സ്വസ്ഥതയും സമാധാനവും ദാമ്പത്യ ഐക്യവും ഉണ്ടാകും. തൊഴിൽ സ്ഥാപനത്തിന്റെ നിലനിൽപിനായി അഹോരാത്രം പ്രവർത്തിക്കേണ്ടിവരും. അനുബന്ധഭൂമി മോഹവില കൊടുത്തു വാങ്ങുവാൻ ധാരണയാകും. രക്തദൂഷ്യ ഉദര-വ                ാതരോഗങ്ങൾക്ക് പ്രകൃതി ആയുർവ്വേദചികിത്സകളും പ്ര വ്യായാമവും ഭക്ഷണക്രമീകരണവും വേണ്ടിവരും. അറിവു നേടാനും പകർന്നുകൊടുക്കുവാനും അവസരമുണ്ടാകും.

വൃശ്ചികം:
സ്വസ്ഥവും സമാധാനപരവുമായ കുടുംബജീവിതം നയിക്കുവാൻ സാധിക്കും. ശാസ്ത്രപരീക്ഷണ നിരീക്ഷണങ്ങളും പാഠ്യപദ്ധതിസമർപ്പണവും സാധിക്കും. ഡിസംബറിനു ശേഷമേ ശരിയായ അംഗീകാരം ലഭിക്കൂ. വേണ്ടപ്പെട്ടവരുടെ വിഷമാവസ്ഥകൾക്ക് ശാശ്വതപരിഹാരം കണ്ടെത്തുന്നതിനാൽ കൃതാർഥതയുണ്ടാകും. പ്രലോഭനങ്ങളിൽ അകപ്പെടാതെ സൂക്ഷിക്കണം.

ധനു:
ഈശ്വരപ്രാർഥനകളാലും ആത്മനിയന്ത്രണത്താലും സൗമ്യസമീപനത്താലും അർപ്പണമനോഭാവത്താലും അനിഷ്ടഫലങ്ങളെ അതിജീവിച്ച് ആശ്വാസമേകുന്ന ഘടകങ്ങൾ എല്ലാ പ്രകാരത്തിലും വന്നുചേരും. ഔചിത്യമുള്ള സമീപനശൈലിക്ക് അർഹമായ അംഗീകാരം ലഭിക്കും. വിദഗ്ദ്ധചികിത്സകളാലും ഭക്ഷണക്രമീകരണങ്ങളാലും അസുഖങ്ങളെ അതിജീവിച്ച് ആരോഗ്യം നിലനിർത്തുവാൻ സാധിക്കും.

ചോതി

ചിങ്ങം:
ജീവിതനിലവാരം ഉയരുമെങ്കിലും അമിതമായ സാമ്പത്തികച്ചെലവുകളും അഹംഭാവവും ഉപേക്ഷിക്കണം. ആശയങ്ങളും ഉപദേശങ്ങളും നിർദേശങ്ങളും സ്വീകരിച്ചു ചെയ്യുന്നതു സ്വന്തം ജീവിതത്തിൽ പ്രതീക്ഷിച്ച നേട്ടം ഉണ്ടാവുകയില്ലെങ്കിലും അന്യർക്കു വേണ്ടി ചെയ്യുന്നതു ഫലപ്രദമാകും. ഉദ്ദേശിച്ച വിഷയത്തിൽ നിന്നു വ്യതിചലിച്ച് ഉപരിപഠനത്തിനു ചേരേണ്ടിവരും.

കന്നി:
പ്രയത്നങ്ങൾക്കും പ്രവർത്തനങ്ങൾക്കും അനുഭവഫലം കുറയും. അധഃപതിച്ചുകൊണ്ടിരിക്കുന്ന വ്യാപാരം നിർത്തിവയ്ക്കും. മാതാവിന്റെ അസുഖം നിമിത്തം ജന്മനാട്ടിലെ ഉദ്യോഗത്തിനു ശ്രമിക്കും. ക്ഷമിക്കുവാനും സഹിക്കുവാനുമുള്ള കഴിവ് അബദ്ധങ്ങളെ അതിജീവിക്കുന്നതിന് ഉപകരിക്കും. പുതിയ വിദ്യ അഭ്യസിച്ചുതുടങ്ങും.

തുലാം:
പറഞ്ഞുഫലിപ്പിക്കുവാൻ സാധിക്കാത്ത കാര്യങ്ങൾ പ്രവൃത്തിയിലൂടെ പ്രകടമാക്കുവാൻ സാധിക്കും. കുറ്റങ്ങളും കുറവുകളും പരിഹരിച്ച് ജീവിതം നയിക്കുവാൻ തയ്യാറായ പുത്രന്റെ സമീപനത്തിൽ ആശ്വാസം തോന്നും. അഭിമാനത്തെ ചോദ്യം ചെയ്തതിനാൽ മനോവിഷമം തോന്നുമെങ്കിലും ഉദ്യോഗമുപേക്ഷിക്കരുത്. വീട്ടിൽ നിന്നു മാറിത്താമസിക്കും. ചിന്താമണ്ഡലത്തിൽ ഒതുങ്ങാത്ത വിഷയങ്ങൾ ഉപേക്ഷിച്ച്, ലഭിച്ച ജീവിതത്തെ മനസ്സമാധാനത്തോടുകൂടി ആസ്വദിക്കുവാൻ തയ്യാറാകും.

വൃശ്ചികം:
ആശയവിനിമയങ്ങളിൽ അപാകതകളുണ്ടാകാതെ സൂക്ഷിക്കണം. കീഴ്ജീവനക്കാർ വരുത്തിവച്ച അബദ്ധങ്ങൾ തിരുത്തുവാൻ പലപ്പോഴും അഹോരാത്രം പ്രവർത്തിക്കേണ്ടിവരും. നിലവിലുള്ള ഉദ്യോഗവും പ്രവൃത്തിമണ്ഡലങ്ങളും ഉപേക്ഷിച്ച് മറ്റൊന്നിനു ശ്രമിക്കുന്നതു ക്ലേശകരമാകും. വിദേശത്തുള്ളവർക്ക് അവധിയിൽ വരുന്ന സാഹചര്യത്തിൽ ഉദ്യോഗം നഷ്ടപ്പെടാനിടയുണ്ട്. മേലധികാരിയുടെ സ്വകാര്യവിഷയങ്ങളിൽ അഭിപ്രായം പറയുവാനിടവരുമെങ്കിലും ദുഃസ്വാതന്ത്ര്യം അരുത്.

ധനു:
അനുചിതപ്രവൃത്തികളിൽ ഏർപ്പെട്ടിരുക്കുന്നവരുമായുള്ള ആത്മബന്ധത്തിൽ നിന്നു പിന്മാറുവാനുള്ള ആത്മപ്രചോദനം ഭാവിയിലേക്ക് ഉപകാരപ്രദമാകും. പൗരാണികസംസ്കാരവും ആധുനികസമ്പ്രദായവും സമന്വയിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്കു തുടക്കം കുറിക്കും. വ ്യ– ാപാര വിപണന വിതരണ മേഖലകളിൽ നിന്നു പ്രതീക്ഷിച്ചതിലുപരി പുരോഗതിയും സാമ്പത്തികനേട്ടവും ഉണ്ടാകുമെങ്കിലും മുൻകരുതലുകൾ വേണം.

വിശാഖം

ചിങ്ങം:
സന്തോഷമുള്ള ജീവിതം നയിക്കുവാൻ അവസരമുണ്ടാകും. വിദ്യാർഥികൾക്കും ശാസ്ത്രജ്ഞർക്കും ഗവേഷകർക്കും അനുകൂല അവസരങ്ങളും അംഗീകാരവും ബഹുമതിയും വന്നുചേരും. കൂടുതൽ വലിയ വീടു വാങ്ങി താമസിച്ചുതുടങ്ങും. ഗുരുകാരണവന്മാരുടെ വാക്കുകൾ അനുസരിക്കുന്നതിനാൽ സർവകാര്യവിജയത്തിലുപരി ആത്മാഭിമാനവും ഉണ്ടാകും. കടം കൊടുത്ത സംഖ്യ തിരിച്ചു ലഭിക്കും.

കന്നി:
മറ്റുള്ളവരുടെ ഉയർച്ചയിൽ അഭിനന്ദിക്കുന്നതുവഴി ആത്മാഭിമാനമുണ്ടാകും. അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ സാധിക്കും. വാഹനം മാറ്റിവാങ്ങും. പുതിയ ഭരണസംവിധാനം പ്രയോജനകരമാകുംവിധത്തിൽ അനുഭവത്തിൽ വന്നുചേരും. ഉപഭോക്താവിന്റെ ആവശ്യം പരിഗണിച്ച് ഉൽപന്നങ്ങളുടെ ഗുണനിലവാരം കൂട്ടും.

തുലാം:
തൊഴിൽമേഖലകളിൽ പുരോഗതിയും ഐശ്വര്യവും അനുഭവപ്പെടും. വിവേചനബുദ്ധിയും അനുഭവജ്ഞാനവും പൊതുജന ആവശ്യവും പുതിയ തൊഴിൽമേഖലകളുടെ ആശയങ്ങൾക്കു വഴിയൊരുക്കും. വിദേശയാത്രയ്ക്കു പുറപ്പെടും. പ്രായത്തിലുപരി പക്വതയോടുകൂടിയ സമീപനം മൂലം സൽക്കീർത്തിയും സജ്ജനബഹുമാന്യതയും വന്നുചേരും.

വൃശ്ചികം:
ബന്ധുവിന്റെ അകാലവിയോഗം ഗതകാലസ്മരണകൾക്കു വഴിയൊരു ക്കും. പരമപ്രധാനമായ കാര്യങ്ങൾ തനതായ അർഥമൂല്യങ്ങളോടുകൂടി ചെയ്തുതീർ ക്കുന്നതിനാൽ ആശ്വാസവും ആത്മവിശ്വാസവും ഉണ്ടാകും. നേടിയെടുത്ത സൗഭാഗ്യത്തിനു നേർന്നുകിടപ്പുള്ള വഴിപാടുകൾ ചെയ്തുതീർക്കും. പിതാവിന്റെ ആരോഗ്യകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ വേണം. സഹോദരങ്ങളും സുഹൃത്തുക്കളും വിപരീതമായിത്തീരുന്നതിനാൽ മനോവിഷമം ഉണ്ടാകും.

ധനു:
പുനഃപരീക്ഷയിൽ വിജയശതമാനം വർധിച്ചതിനാൽ വിദേശത്ത് ഉപരിപഠനത്തിനു പ്രവേശനം ലഭിക്കും. നിഷ്ഠകൾ പാലിക്കുന്നതുവഴി രക്ഷിതാക്കളിൽ നി ന്ന് അനുമോദനങ്ങൾ വന്നുചേരും. മേലധികാരിസ്ഥാനം ലഭിക്കുന്നതിനും ആലോചിച്ചു പുതിയ ആശയങ്ങൾ അവലംബിക്കുന്നതിനും അവസരമുണ്ടാകും. ദേഹസംരക്ഷണത്തിന്റെ ഭാഗമായി ഭക്ഷണക്രമീകരണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കും. അനന്തരാവകാശികൾക്ക് പൂർവികസ്വത്ത് ഭാഗം വച്ചുനൽകുവാൻ തയാറാകും.

അനിഴം

ചിങ്ങം:
നിഷ്കർഷയോടു കൂടിയ പ്രവർത്തനങ്ങളാൽ, അടിസ്ഥാനരഹിതമായ ആരോപണങ്ങളിൽനിന്നു കുറ്റവിമുക്തനാകും. ആസൂത്രിതപദ്ധതികളിൽ വിജയവും ലക്ഷ്യപ്രാപ്തിയും കൈവരും. ഭാഗത്തിൽ ലഭിച്ച പൂർവികസ്വത്തിൽ ഗൃഹനിർമാണം പൂർത്തിയാക്കും. ജീവിതയാഥാർഥ്യങ്ങളെ മനസ്സിലാക്കി പ്രവർത്തിക്കും. അതിലൂടെ വിജയവും സമാധാനവും സ്വസ്ഥതയും അനുഭവപ്പെടും.

കന്നി:
സംഘടിതശ്രമങ്ങൾ വിജയിക്കും. ജോലിരംഗത്ത് പല ചുമതലകൾ ഏറ്റെടുക്കേണ്ടിവരും. ശുഭസൂചകങ്ങളായ പ്രവർത്തനങ്ങളിൽ ആത്മാർത്ഥമായി പ്രവർത്തിക്കുവാൻ അവസരമുണ്ടാകും. സാഹിത്യരചനകളുടെ പുനരാവിഷ്കരണം ജനശ്രദ്ധയ്ക്ക് വഴിയൊരുക്കും. ശുഭാപ്തിവിശ്വാസം ആവാമെങ്കിലും അമിതമായ ആത്മവിശ്വാസം അരുത്. കലാകായികമേഖലയിൽ പരിശീലനം തുടങ്ങും.

തുലാം:
ആത്മാർത്ഥസുഹൃത്തിനെ അബദ്ധങ്ങളിൽ നിന്നു രക്ഷിക്കുവാൻ സാധിക്കും. നിശ്ചയദാർഢ്യത്തോടു കൂടിയ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യപ്രാപ്തി കൈവരും. ഭാവിയെപ്പറ്റി ആശങ്ക തോന്നും. മത്സരരംഗങ്ങളിൽ വിജയം ഉണ്ടാകുമെങ്കിലും പ്രഥമസ്ഥാനം നഷ്ടപ്പെടും. വിഭാവനം ചെയ്ത പദ്ധതികൾ അന്തിമനിമിഷത്തിൽ അനുഭവത്തിൽ വന്നുചേരും.

വൃശ്ചികം:
തന്മയത്വത്തോടുകൂടിയ സമീപനം ലക്ഷ്യപ്രാപ്തി കൈവരിക്കാൻ ഉപകരിക്കും. പ്രതിഭാസംഗമത്തിൽ പങ്കെടുക്കാൻ അവസരമുണ്ടാകും. സഹപ്രവർത്തകരുടെയും കീഴ്ജീവനക്കാരുടെയും പിൻബലത്താൽ ഏറ്റെടുത്ത കരാറുജോലികൾ ചെയ്തുതീർക്കാനാകും. പട്ടണവികസനം ഉണ്ടെന്നറിഞ്ഞതിനാൽ ഭൂമിവിൽപന തൽക്കാലം നിർത്തിവയ്ക്കും. പൊതുകാര്യങ്ങളിൽ അമിതമായി പ്രവർത്തിക്കുന്നതിനാൽ കുടുംബാംഗങ്ങളിൽ നിന്നു ശകാരം കേൾക്കുവാനിടവരും.

ധനു:
സംരക്ഷണച്ചുമതലയുള്ള പുത്രന്റെ സമീപനത്തിൽ ആത്മാഭിമാനം തോന്നും. ആത്മാർത്ഥസുഹൃത്തിനു സാമ്പത്തികസഹായം ചെയ്യുവാനിടവരും. അജ്ഞത കൊണ്ട് അബദ്ധം പറ്റിയ പുത്രനു മാപ്പുനൽകി രക്ഷാമാർഗങ്ങൾ നൽകും. സന്താനഭാഗ്യത്തിന് അനുയോജ്യമായ സാഹചര്യമുണ്ടാകും. ഈശ്വരപ്രാർത്ഥനകളാൽ അടിസ്ഥാനരഹിതമായ ആരോപണങ്ങളിൽ നിന്നു കുറ്റവിമുക്തനാകും.

തൃക്കേട്ട

ചിങ്ങം:
ഓണാഘോഷം കലാകായികമത്സരങ്ങളോടൊപ്പം മംഗളകരമാക്കുവാൻ നേതൃത്വം നൽകും. ബൃഹത്തായ വികസനപദ്ധതി ആസൂത്രണസംഘത്തിൽ ഉൾപ്പെടുവാൻ ഇടവന്നതിനാൽ ആത്മാഭിമാനം തോന്നും. സ്വതസ്സിദ്ധമായ ശൈലി പലർക്കും മാതൃകാപരമായി എന്നറിഞ്ഞതിനാൽ ആശ്വാസമാകും. പഠിച്ച

വിഷയത്തോടനുബന്ധമായ ഉദ്യോഗം ലഭിക്കും. ഒട്ടേറെ കാര്യങ്ങൾ നിഷ്കർഷയോടു കൂടി ചെയ്തുതീർക്കുന്നതിൽ ആത്മസംതൃപ്തിയുണ്ടാകും.

കന്നി:
അശ്രാന്തപരിശ്രമത്താൽ തൊഴിൽമേഖലകളിലുള്ള അനിഷ്ടാവസ്ഥകളും അനിശ്ചിതാവസ്ഥകളും അതിജീവിക്കും. ഗൃഹനിർമാണം പൂർത്തിയാക്കും. അധികൃതരുടെ പ്രീതി നിമിത്തം സ്ഥാനക്കയറ്റമുണ്ടാകും. വസ്തുസംബന്ധമായ തർക്കങ്ങൾക്ക് ശാശ്വതപരിഹാരം കണ്ടെത്തും. വ്യാപാരവ്യവസായമേഖലകൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി കർമോത്സുകരായവരെ നിയമിക്കും.

തുലാം:
പുനഃപരീക്ഷയിൽ വിജയശതമാനം വർധിപ്പിച്ചതിനാൽ ഉപരിപഠനപ്രവേശത്തിനും വിദേശ ഉദ്യോഗത്തിന് അപേക്ഷസമർപ്പിക്കുന്നതിനും അർഹത നേടും. പൂർവികസ്വത്ത് നിലനിർത്തി പട്ടണത്തിൽ വീടു വാങ്ങുവാൻ ധാരണയാകും. പരിശ്രമസാഫല്യത്താൽ നേർന്നുകിടപ്പുള്ള വഴിപാടുകൾ ചെയ്തുതീർക്കും. ക്രിയാത്മകനടപടികൾക്ക് മേലധികാരിയുടെ ആത്മാർഥമായ അനുമോദനം ലഭിക്കും. നഷ്ടപ്പെട്ടു എന്നു കരുതുന്ന രേഖകൾ തിരിച്ചുലഭിക്കും.

വൃശ്ചികം:
കീഴ്ജീവനക്കാരുടെ പിൻബലത്താൽ പുതിയ കരാറുജോലിയിൽ ഒപ്പുവയ്ക്കും. സ്വയംഭരണാധികാരം ലഭിച്ചതിനാൽ ആത്മാർഥമായി പ്രവർത്തിച്ച് ലക്ഷ്യപ്രാപ്തി നേടും. അനാവശ്യമായ ആധി ഒഴിവാക്കണം. സമാനചിന്താഗതിയിലുള്ളവരുമായി സംസർഗത്തിലേർപ്പെടാനും പുതിയ ആശയങ്ങൾ സ്വീകരിക്കാനും ഇടവരും. സ്ഥാപിതതാൽപര്യം മറന്ന് വ്യക്തിസ്വാതന്ത്ര്യത്തിനു പ്രാധാന്യം നൽകി പ്രവർത്തിച്ചാൽ അബദ്ധമാകും.

ധനു:
മക്കൾക്കു നിർദേശങ്ങളും ഉപദേശങ്ങളും നൽകുവാൻ ബന്ധുസഹായം തേടും. ശ്രമകരമായ പ്രവർത്തനങ്ങൾ ലക്ഷ്യപ്രാപ്തി നേടും. വിവരസാങ്കേതികവിദ്യയിൽ പുതിയ കണ്ടെത്തലുകൾക്കു സാക്ഷിയാകും. ആധ്യാത്മിക ആത്മീയ ചിന്തകളാൽ സേവനപ്രവർത്തനങ്ങളിൽ വ്യാപൃതനാകും. ആർഭാടങ്ങൾക്കു നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതുവഴി പണം മിച്ചം വയ്ക്കുവാൻ സാധിക്കും.

മൂലം

ചിങ്ങം:
വിദ്യാർഥികൾക്ക് അനുസരണയില്ലായ്മ, ഉദാസീനമനോഭാവം, ശ്രദ്ധക്കുറവ് തുടങ്ങിയവ കൂടും. അനവസരങ്ങളിലുള്ള വാഗ്വാദങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറുവാൻ ഉൾപ്രേരണയുണ്ടാകും. പ്രവർത്തനമേഖലകളിൽ ക്രമാനുഗതമായ

വളർച്ചയുണ്ടാകും. ഉദ്യോഗത്തിനു പുറമേ ലാഭശതമാന വ്യവസ്ഥകളോടുകൂടിയ പ്രവർത്തനങ്ങളും തുടങ്ങിവയ്ക്കും. നീതിയുക്തമായ തീരുമാനവും പ്രവർത്തനങ്ങളും അപര്യാപ്തതകളെ അതിജീവിക്കുവാൻ ഉപകരിക്കും.

കന്നി:
മേലധികാരികളിൽ നിന്ന് അതൃപ്തിവചനങ്ങൾ കേൾക്കാനിടവരുമെങ്കിലും പ്രതികരിക്കാതിരിക്കുകയാണു നല്ലത്. കുടുംബത്തിൽക്കങ്ങളിൽ നിഷ്പക്ഷ മനോഭാവം സ്വീകരിക്കുക. ഗൗരവമുള്ള കാര്യങ്ങൾ ലാഘവത്തോടുകൂടി ചെയ്യുവാൻ സാധിച്ചതിനാൽ ആത്മാഭിമാനം തോന്നും. സമാനചിന്താഗതിയിലുള്ളവരുമായി സുദീർഘമായ ചർച്ച പുതിയ തൊഴിലവസരങ്ങൾക്കു വഴിയൊരുക്കും.

തുലാം:
ശുഭസൂചകങ്ങളായ പ്രവൃത്തികളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനാൽ ആത്മസംതൃപ്തിയുണ്ടാകും. പകർച്ചവ്യാധി പിടിപെടാതിരിക്കാൻ പ്രത്യേക ജാഗ്രത വേണം. ആത്മപ്രഭാവത്താൽ ദുഷ്പ്രചാരണങ്ങൾ നിഷ്ഫലമാകും. അശുഭചിന്തകളും ദുസ്സംശയങ്ങളും ഒഴിവാക്കണം. വിജ്ഞാനപ്രദമായ വിഷയങ്ങളും സന്ദേശങ്ങളും മറ്റുള്ളവർക്കു പറഞ്ഞുകൊടുക്കുന്നതിൽ ആത്മസംതൃപ്തിയുണ്ടാകും.

വൃശ്ചികം:
സുഖദുഃഖങ്ങൾ ഒരുപോലെ സ്വീകരിക്കുവാനുള്ള മാനസികാവസ്ഥയുണ്ടാകും. ഉദ്യോഗത്തിൽ പ്രതീക്ഷിച്ച പുരോഗതിയില്ലാത്തതിനാൽ ഉപരിപഠനത്തിനു ചേരും. ദമ്പതികളുടെ ഏകാഭിപ്രായത്തോടു കൂടിയ ആവശ്യങ്ങൾ പരിഗണിക്കപ്പെടും. സ്ഥാപനത്തിന്റെ ക്ഷയാവസ്ഥ മനസ്സിലാക്കി മറ്റ് ഉദ്യോഗത്തിലേക്കു മാറുന്നതിനെക്കുറിച്ചു ചിന്തിക്കും. വിവിധ പ്രവർത്തനങ്ങൾ മനസ്സംതൃപ്തിയോടു കൂടി ചെയ്തുതീർക്കുവാൻ സാധിക്കും.

ധനു:
സ്വന്തം ആശയവും അന്യരുടെ പണവും സമന്വയിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളിൽ ക്രമാനുഗതമായ വളർച്ച അനുഭവപ്പെടും. സങ്കീർണ വിഷയങ്ങളാണെങ്കിലും സമയോചിതവും യുക്തിപൂർവവുമായ ഇടപെടലുകളാൽ അനിശ്ചിതാവസ്ഥകൾ ഒഴിവാകും. ശത്രുതാമനോഭാവത്തിലായിരുന്ന പലരും അവരുടെ സ്വാർഥതാൽപര്യം നേടാൻ മിത്രങ്ങളെന്ന ഭാവത്തിൽ അഭിനയിക്കും. അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്താൻ ആത്മാർഥമായി പ്രവർത്തിക്കും.

പൂരാടം

ചിങ്ങം:
ജീവിതയാഥാർഥ്യങ്ങളെ മനസ്സിലാക്കി പ്രവർത്തിക്കുന്നതിനാൽ കുടുംബത്തിലെ അകാരണകലഹങ്ങൾ ഒഴിവാകും. വ ാ– ത നിർദോഷ പ്രമേഹരോഗങ്ങൾക്ക് ചികിത്സയും വ്യായാമവും വേണ്ടിവരും. ഉദ്യോഗമുപേക്ഷിച്ച് ഉപരിപഠനത്തിനു ചേരുവാനുള്ള തീരുമാനം ഭാവിയിലേക്കു ഗുണകരമാകും. ഈശ്വരപ്രാർഥനകളാൽ പരീക്ഷ വേണ്ടവിധത്തിൽ അവതരിപ്പിക്കുവാൻ സാധിക്കും.

കന്നി:
പണം മുൻകൂട്ടി ചെലവാക്കിയുള്ള പ്രവർത്തനങ്ങളിൽനിന്ന് ഒഴിഞ്ഞുമാറുകയാണു നല്ലത്. പറയുന്ന വാക്കുകളിൽ അബദ്ധങ്ങൾ ഉണ്ടാകാതെ സൂക്ഷിക്കണം. അപ്രധാനങ്ങളായ കാര്യങ്ങളിൽ അനാവശ്യമായി ആലോചിക്കുന്ന പ്രവണത ഒഴിവാക്കണം. വിഭാവനം ചെയ്ത വിഷയങ്ങൾ പ്രാവർത്തികമാക്കുവാൻ വിദഗ്ധോപദേശം തേടും. പ്രലോഭനങ്ങളിൽ അകപ്പെടരുത്.

തുലാം:
വാങ്ങിയ ഭൂമിക്കു പ്രതീക്ഷിച്ചതിലുപരി ലാഭമുണ്ടാകയാൽ വിൽപനയ്ക്കു തയാറാകും. പ്രായോഗികവശം ചിന്തിച്ചു പ്രവർത്തിക്കുന്നതിനാൽ മാർഗതടസ്സങ്ങൾ നീങ്ങി ഉദ്ദേശിച്ച കാര്യങ്ങൾ സാധിക്കും. അസുഖങ്ങളുടെ ഗുരുതരാവസ്ഥ തരണംചെയ്തു പ്രവർത്തനരംഗങ്ങളിൽ വ്യാപൃതനാകും. കുടുംബാംഗങ്ങളിൽ ചിലരുടെ മൗഢ്യമനോഭാവം മനോവിഷമത്തിനു വഴിയൊരുക്കുമെങ്കിലും അവനവന്റെ തെറ്റു കൊണ്ടല്ല എന്നു സമാധാനപ്പെടുകയാണു വേണ്ടത്.

വൃശ്ചികം:
വിനയം, ക്ഷമ, ആദരം, കാര്യനിർവഹണശക്തി തുടങ്ങിയവയിലൂടെ പ്രതിബന്ധങ്ങളെ അതിജീവിക്കുവാൻ കഴിയും. അവിചാരിത ചെലവുകളാൽ ചിലപ്പോൾ അത്യാവശ്യത്തിനു കടം വാങ്ങേണ്ടിവരും. മഹാന്മാരുടെ ആശയങ്ങൾ സ്വീകരിച്ച് സ്വന്തം നിലപാടിൽ വേണ്ട മാറ്റം വരുത്തുവാൻ തയാറാകും. ഗവേഷകർക്കും ശാസ്ത്രജ്ഞർക്കും അനുകൂലസാഹചര്യങ്ങളും അംഗീകാരവും ലഭിക്കും.

ധനു:
പൂർവികസ്വത്ത് രേഖാപരമായി ലഭിക്കും. ബന്ധുവിന്റെ സമീപനത്തിൽ അപ്രീതി തോന്നുമെങ്കിലും പ്രതികരിക്കാതിരിക്കുകയാണു നല്ലത്. സുപ്രധാന കാര്യങ്ങളിൽ അനുകൂല തീരുമാനമുണ്ടാകും. അഭിപ്രായവ്യത്യാസം തന്ത്രപൂർവം പരിഹരിക്കുവാൻ സാധിക്കും. അനുഭവജ്ഞാനവും പ്രവൃത്തിപരിചയമുള്ളവരുടെ നിർദേശവും ഉപദേശവും സ്വീകരിച്ച് പുതിയ കർമപദ്ധതികൾ രൂപകൽപന ചെയ്യും.

ഉത്രാടം

ചിങ്ങം:
വർഷങ്ങൾക്കു ശേഷം സഹപാഠികളെ കാണുവാനും ഗതകാലസ്മരണകൾ പങ്കുവയ്ക്കുവാനും അവസരമുണ്ടാകും. ഉപരിപഠനത്തിന് ഉദ്ദേശിച്ച വിഷയത്തിൽ പ്രവേശനം ലഭിക്കും. സമൂഹത്തിൽ ഉന്നതരുമായി സൗഹൃദബന്ധത്തിലേർപ്പെടുന്നതുവഴി പുതിയ കർമപദ്ധതികൾക്കു രൂപം നൽകാൻ കഴിയും. ആദരണീയരുടെ കൂട്ടത്തിൽ സ്ഥാനം ലഭിച്ചതിനാൽ ആത്മാഭിമാനം തോന്നും. ജന്മനാട്ടിൽ ഓണാഘോഷം മംഗളകരമായി ആചരിക്കുവാൻ സാധിക്കും.

കന്നി:
സമചിത്തതയോടു കൂടിയ പ്രവർത്തനശൈലിയിലൂടെ ലക്ഷ്യം നേടും. സങ്കൽപത്തിനനുസരിച്ച് ഉയരുവാൻ പുത്രന് അവസരം ലഭിച്ചതിനാൽ ആശ്വാസം തോന്നും. അനുഭവജ്ഞാനമുള്ളവരുടെ നിർദേശത്താൽ റിയൽ എസ്റ്റേറ്റ് ബിസിനസിൽ പണം മുടക്കും. പരസ്പരവിശ്വാസം നഷ്ടപ്പെട്ടതിനാൽ കൂട്ടുകച്ചവടത്തിൽ നിന്നു പിന്മാറും.

തുലാം:
സഹപ്രവർത്തകരുടെ സ്വകാര്യ ആവശ്യങ്ങൾക്ക് സാമ്പത്തികസഹായം ചെയ്യും. ആരോഗ്യം തൃപ്തികരമായിരിക്കും. ഉദ്ദേശിച്ച വിഷയത്തിൽ തുടർന്നു പഠിക്കുവാൻ സാധിക്കും. പഠിച്ച വിഷയത്തോടനുബന്ധമായ ഉദ്യോഗം ലഭിക്കും. വിവിധങ്ങളും വ്യത്യസ്തങ്ങളുമായ പ്രവർത്തനങ്ങളും ആശയങ്ങളും പ്രാബല്യത്തിലും ഫലത്തിലും വന്നുചേരും.

വൃശ്ചികം:
ഏറ്റെടുക്കുന്ന കരാറുജോലികൾ നിശ്ചിതസമയപരിധിക്കുള്ളിൽ ചെയ്തുതീർക്കുവാൻ സാധിക്കും. കർമമേഖലകളിൽ ക്രമാനുഗതമായ വളർച്ചയും സാമ്പത്തികനേട്ടവും ഉണ്ടാകും. ജനസ്വാധീനം വർധിക്കും. അവിസ്മരണീയ മുഹൂർത്തങ്ങൾ അനശ്വരമാക്കുവാൻ അവസരമുണ്ടാകും. മഹാന്മാരുടെ വാക്കുകൾ പലപ്പോഴും ജീവിതത്തിൽ വിഷമഘട്ടങ്ങൾ അതിജീവിക്കുവാനുള്ള പിൻബലം ഉണ്ടാക്കിത്തരും.

ധനു:
അവസരോചിതമായ ഇടപെടലുകളാൽ പലപ്പോഴും അബദ്ധങ്ങൾ ഒഴിവായി അന്തിമനിമിഷത്തിൽ കാര്യം നേടും. സത്യസന്ധവും നീതിയുക്തവുമായ സമീപനം അവലംബിക്കുന്നതിനാൽ എല്ലാ കാര്യങ്ങളിലും വിജയം നേടും. ഗവേഷകർക്കും ശാസ്ത്രജ്ഞർക്കും അനുകൂലസാഹചര്യമുണ്ടാകും. ചികിത്സ

ഫലിക്കും. ക്ഷമിക്കുവാനും സഹിക്കുവാനുമുള്ള കഴിവ് നേടുന്നതു സർവകാര്യവിജയത്തിനു വഴിയൊരുക്കും.

## തിരുവോണം

ചിങ്ങം:
ജീവിതയാഥാർഥ്യങ്ങളെ മനസ്സിലാക്കി പ്രവർത്തിക്കുന്നതിനാൽ കുടുംബത്തിലെ അകാരണകലഹങ്ങൾ ഒഴിവാകും. വ ാ – ത നീർദോഷ പ്രമേഹരോഗങ്ങൾക്കു ചികിത്സയും വ്യായാമവും ഭക്ഷണക്രമീകരണവും വേണ്ടിവരും. ഉദ്യോഗമുപേക്ഷിച്ച് ഉപരിപഠനത്തിനു ചേരുവാനുള്ള തീരുമാനം ഗുണകരമാകും. ഈശ്വരപ്രാർഥനകളാൽ പരീക്ഷ വേണ്ടവിധത്തിൽ അവതരിപ്പിക്കുവാൻ സാധിക്കും.

കന്നി:
പണം മുൻകൂട്ടി ചെലവാക്കിയുള്ള പ്രവർത്തനങ്ങളിൽനിന്ന് ഒഴിഞ്ഞുമാറുകയാണു നല്ലത്. പറയുന്ന വാക്കുകളിൽ അബദ്ധങ്ങൾ ഉണ്ടാകാതെ സൂക്ഷിക്കണം. അപ്രധാനങ്ങളായ കാര്യങ്ങളിൽ അനാവശ്യമായി ആലോചിക്കുന്ന പ്രവണത ഒഴിവാക്കണം. വിഭാവനം ചെയ്ത വിഷയങ്ങൾ പ്രാവർത്തികമാക്കുവാൻ വിദഗ്ധോപദേശം തേടും. പ്രലോഭനങ്ങൾക്കെതിരെ കരുതിയിരിക്കണം.

തുലാം:
പ്രതീക്ഷിച്ചതിലുപരി ലാഭമുണ്ടാകയാൽ വാങ്ങിയ ഭൂമി വിൽക്കാൻ തയാറാകും. പ്രായോഗികവശം ചിന്തിച്ചു പ്രവർത്തിക്കുന്നതിനാൽ മാർഗതടസ്സങ്ങൾ നീങ്ങി ഉദ്ദേശിച്ച കാര്യങ്ങൾ സാധിക്കും. അസുഖങ്ങളുടെ ഗുരുതരാവസ്ഥ തരണം ചെയ്തു പ്രവർത്തനരംഗങ്ങളിൽ വ്യാപൃതനാകും. കുടുംബാംഗങ്ങളിൽ ചിലരുടെ മൗഢ്യമനോഭാവം മനോവിഷമത്തിനു വഴിയൊരുക്കുമെങ്കിലും സ്വന്തം തെറ്റുകൊണ്ടല്ല എന്നു സമാധാനപ്പെടുകയാണു വേണ്ടത്.

വൃശ്ചികം:
വിനയം, ക്ഷമ, തുടങ്ങിയവയിലൂടെ സകല പ്രതിബന്ധങ്ങളെയും അതിജീവിക്കുവാൻ കഴിയും. അവിചാരിത ചെലവുകളാൽ ചിലപ്പോൾ അത്യാവശ്യത്തിനു കടം വാങ്ങേണ്ടിവരും. മഹാന്മാരുടെ ആശയങ്ങൾ സ്വീകരിച്ച് നിശ്ചിതകാര്യങ്ങളിൽ മാറ്റം വരുത്തുവാൻ തയാറാകും. ഗവേഷകർക്കും ശാസ്ത്രജ്ഞർക്കും അനുകൂലസാഹചര്യങ്ങളും അംഗീകാരവും ലഭിക്കും.

ധനു:
സുതാര്യത, ലക്ഷ്യബോധം തുടങ്ങിയവ കാര്യവിജയം നേടുവാൻ ഉപകരിക്കും.

പൂർവികസ്വത്ത് രേഖാപരമായി ലഭിക്കും. ബന്ധുവിന്റെ സമീപനത്തിൽ അപ്രീതി തോന്നുമെങ്കിലും പ്രതികരിക്കാതിരിക്കുകയാണു നല്ലത്. സുപ്രധാനങ്ങളായ കാര്യങ്ങൾക്ക് അനുകൂലമായ തീരുമാനമുണ്ടാകും. അഭിപ്രായവ്യത്യാസം തന്ത്രപൂർവം പരിഹരിക്കുവാൻ സാധിക്കും.

അവിട്ടം

ചിങ്ങം:
ഉന്നതരുടെ ആശയങ്ങൾ ജീവിതത്തിൽ പകർത്തുവാൻ അവസരമുണ്ടാകും. സുവ്യക്തമായ കർമപദ്ധതികൾക്കു പണം മുടക്കും. വ്യവഹാരത്തിൽ വിജയമുണ്ടാകും. ഉപരിപഠനത്തിന് അനുസരിച്ച ഉദ്യോഗം ലഭിക്കുമെങ്കിലും സാമ്പത്തികച്ചുമതലകളും യാത്രാക്ലേശവും കൂടും. മറ്റുള്ളവരുടെ കാഴ്ചപ്പാടിൽ സമ്പന്നനാണെന്നു തോന്നുന്ന വിധത്തിൽ ജീവിക്കുന്നതിൽ ആത്മാഭിമാനം തോന്നും.

കന്നി:
സന്താനങ്ങളുടെ വിദ്യാഭ്യാസം, വിവാഹം, ഉദ്യോഗം തുടങ്ങിയ വിഷയങ്ങൾക്കായി പ്രത്യേക ഈശ്വരപ്രാർഥനകളും ദേവാലയദർശനവും നടത്തുവാനിടവരും. പൂർവികർ അനുവർത്തിച്ചുവന്നിരുന്ന പ്രവർത്തനങ്ങൾ പിന്തുടരുവാൻ ഉൾപ്രേരണയുണ്ടാകും. മാന്യതയോടു കൂടിയ പെരുമാറ്റരീതി അവലംബിക്കുന്നതിനാൽ കാര്യവിജയം നേടും. യാഥാർഥ്യങ്ങളോടു പൊരുത്തപ്പെട്ടു ജീവിതപങ്കാളിയുടെ നിർദേശങ്ങൾ പലപ്പോഴും യുക്തമായ തീരുമാനങ്ങൾ സ്വീകരിക്കുവാൻ ഉപകരിക്കും.

തുലാം:
ആവശ്യങ്ങൾ പൊതുവേ എല്ലായിടത്തും പരിഗണിക്കപ്പെടും. വിദഗ്ധനിർദേശത്താൽ ഹ്രസ്വകാലസുരക്ഷാപദ്ധതിയിൽ പണം നിക്ഷേപിക്കും. അജ്ഞാനുവർത്തികളുടെ നിർദേശങ്ങൾ പലപ്പോഴും ദീർഘവീക്ഷണത്തോടു കൂടിയതായതിനാൽ സ്വീകരിക്കും. തൃപ്തിയുള്ള ഭൂമി വാങ്ങി ഗൃഹനിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങിവയ്ക്കും.

വൃശ്ചികം:
ഉദ്യോഗത്തിനു പുറമേ ലാഭശതമാനവ്യവസ്ഥകളോടുകൂടിയ പ്രവർത്തനങ്ങൾ തുടങ്ങും. സ്തുത്യർഹമായ സേവനം അവതരിപ്പിക്കുവാൻ സാധിക്കും. മുൻകോപം നിയന്ത്രിക്കണം. ആത്മാഭിമാനം സംരക്ഷിക്കുവാൻ വിട്ടുവീഴ്ചമനോഭാവം സ്വീകരിക്കും. തടസ്സപ്പെട്ടു കിടക്കുന്ന പല കാര്യങ്ങൾക്കും അനുകൂലസാഹചര്യവും വിജയവും ഉണ്ടാകും.

ധനു:

ഒട്ടേറെ കാര്യങ്ങൾ നിശ്ചിതസമയപരിധിക്കുള്ളിൽ നിഷ്കർഷയോടു കൂടി ചെയ്തുതീർക്കുന്നതിൽ ആത്മാഭിമാനം തോന്നും. ശുഭസൂചകങ്ങളായ വിഷയങ്ങളിൽ പ്രവർത്തിക്കുന്നതിനാൽ ആഹ്ലാദമുണ്ടാകും. സന്താനങ്ങളുടെ പഠനകാര്യങ്ങളിൽ ശുഭാപ്തിവിശ്വാസം കൂടും. വർഷങ്ങൾക്കു ശേഷം ജന്മനാട്ടിലെ ആരാധനാലയത്തിലെ ഉത്സവാഘോഷങ്ങളിൽ പങ്കെടുക്കുവാൻ അവസരമുണ്ടാകും.

ചതയം

ചിങ്ങം:
ഏറ്റെടുത്ത ദൗത്യം വിജയത്തിലെത്തിക്കുവാൻ അഹോരാത്രം പ്രയത്നവും സഹപ്രവർത്തകരുടെ സഹായവും വേണ്ടിവരും. വിദ്യാർഥികൾക്ക് അലസതയും ഉദാസീനമനോഭാവവും ഉണ്ടാകും. പുനഃപരീക്ഷയിൽ ഉന്നതവിജയം ഉണ്ടാകും. പണം കടം കൊടുക്കുക, കടം വാങ്ങുക, ജാമ്യം നിൽക്കുക, സ്വന്തം ഉത്തരവാദിത്തങ്ങൾ അന്യരെ ഏൽപിക്കുക, മറ്റുള്ളവരുടെ കാര്യങ്ങളിൽ ഇടപെടുക തുടങ്ങിയവ മൂലം മനസ്സമാധാനം കുറയും.

കന്നി:
അവതരണശൈലിയിൽ അബദ്ധമുണ്ടാകാതെ സൂക്ഷിക്കണം. മാസത്തിലൊരിക്കൽ വീട്ടിൽ വന്നുപോകുവാൻ തക്കവണ്ണം ഉദ്യോഗമാറ്റമുണ്ടാകും. തൊഴിൽമേഖലകളിൽ സമ്മർദം കൂടും. നിലവിലുള്ള ഉദ്യോഗം ഉപേക്ഷിച്ച് മറ്റൊന്നിനു ശ്രമിക്കുന്നത് ഗുണമുണ്ടാക്കില്ല. സുഖദുഃഖങ്ങൾ ഒരുപോലെ സ്വീകരിക്കുവാനുള്ള മാനസികാവസ്ഥയുണ്ടാകും.

തുലാം:
വ്യവസ്ഥകൾ പാലിക്കുവാൻ അശ്രാന്തപരിശ്രമം വേണ്ടിവരും. മാതാപിതാക്കളുടെ ഇഷ്ടമനുസരിച്ചു പ്രവർത്തിക്കുന്നതിൽ ആത്മസംതൃപ്തിയുണ്ടാകും. മേലധികാരിയുടെ അനാവശ്യസംശയങ്ങൾക്കു വിശദീകരണം നൽകുവാൻ നിർബന്ധിതനാകും. ഭദ്രതയില്ലാത്ത സാമ്പത്തിക ഇടപാടുകളിൽ നിന്നു യുക്തിപൂർവം പിന്മാറും. പ്രലോഭനങ്ങൾ പലതും വന്നുചേരുമെങ്കിലും വിദഗ്ധമായി അന്വേഷിച്ചറിയാതെ ഇടപെടരുത്.

വൃശ്ചികം:
പ്രവർത്തനമേഖലകളിൽ അഭൂതപൂർവമായ പുരോഗതിയും സാമ്പത്തികനേട്ടവും ഉണ്ടാകും. ആഗ്രഹസാഫല്യത്താൽ ആത്മനിർവൃതിയുണ്ടാകും. കലാകായികരംഗങ്ങൾ, നറുക്കെടുപ്പ്, സമ്മാനപദ്ധതികൾ തുടങ്ങിയവയിൽ വിജയിക്കും. ദമ്പതികൾക്ക് ഒരുമിച്ചു താമസിക്കുവാൻ തക്കവണ്ണം ഉദ്യോഗമാറ്റമുണ്ടാകും. ജോലിരംഗത്തു കഴിവിന്റെ പരമാവധി പ്രകടിപ്പിക്കുവാൻ സാധിക്കും.

ധനു:
നിയുക്തപദവിയിൽ നിന്നു സ്ഥാനക്കയറ്റവും സ്ഥാനചലനവും ഉണ്ടാകും. ഗഹനമായ വിഷയങ്ങൾ ലളിതമായി അവതരിപ്പിക്കുവാൻ സാധിക്കും. ആദരവും വിനയവുമുള്ള സമീപനം മൂലം തടസ്സങ്ങളെ അതിജീവിച്ച് കാര്യവിജയം നേടും. അന്ധമായ അമിതവിശ്വാസം അബദ്ധങ്ങൾക്കു വഴിയൊരുക്കും. കുടുംബജീവിതത്തിൽ ആഹ്ലാദകരമായ അന്തരീക്ഷം സംജാതമാകും.

പൂരുരുട്ടാതി

ചിങ്ങം:
ഉദ്യോഗമുപേക്ഷിച്ച് ഉപരിപഠനത്തിനു ചേരുവാനുള്ള തീരുമാനം ഭാവിയിലേക്കു ഗുണകരമാകും. ഈശ്വരപ്രാർഥനകളാൽ പരീക്ഷയിൽ വേണ്ടവിധത്തിൽ അവതരിപ്പിക്കുവാൻ സാധിക്കും. പണം മുൻകൂട്ടി ചെലവാക്കിയുള്ള പ്രവർത്തനങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറുകയാണു നല്ലത്. പറയുന്ന വാക്കുകളിൽ അബദ്ധങ്ങൾ ഉണ്ടാകാതെ സൂക്ഷിക്കണം. ബന്ധുമിത്രാദികളോടൊപ്പം വീടു വിട്ട് ഓണം ആഘോഷിക്കും.

കന്നി:
വിനയം, ക്ഷമ, ആദരം തുടങ്ങിയവയിലൂടെ തടസ്സങ്ങളെ അതിജീവിക്കുവാൻ കഴിയും. ആശയവിനിമയങ്ങളിൽ അബദ്ധങ്ങൾ ഒഴിവാക്കുവാൻ സുവ്യക്തവും സുദൃഢവുമായ തീരുമാനങ്ങൾ കൈക്കൊള്ളുവാൻ ഉൾപ്രേരണയുണ്ടാകും. അവിചാരിത ചെലവുകളാൽ ചിലപ്പോൾ അത്യാവശ്യത്തിനു കടം വാങ്ങേണ്ടിവരും. ഗുരുതരാവസ്ഥയിലുള്ള ബന്ധുവിനെ സന്ദർശിച്ച് ആശ്വാസവചനങ്ങളും സാമ്പത്തികസഹായവും നൽകും.

തുലാം:
സുഖദുഃഖങ്ങൾ ഒരുപോലെ സ്വീകരിക്കുവാനുള്ള മാനസികാവസ്ഥ സംജാതമാകും. പരിഹാസവചനങ്ങൾ കേൾക്കുവാനിടവരുമെങ്കിലും സാരാംശം മനസ്സിലാക്കി പ്രതികരിക്കുകയാണു നല്ലത്. വാങ്ങിയ ഭൂമിക്കു പ്രതീക്ഷിച്ചതിലുപരി ലാഭമുണ്ടാകയാൽ വിൽക്കാൻ ആലോചിക്കും. പ്രായോഗികവശം ചിന്തിച്ചു പ്രവർത്തിക്കുന്നതിനാൽ തടസ്സങ്ങൾ നീങ്ങി ഉദ്ദേശിച്ച കാര്യങ്ങൾ സാധിക്കും.

വൃശ്ചികം:
സംഘടിതശ്രമങ്ങൾ വിജയിക്കും. ഉദ്യോഗം ഉപേക്ഷിച്ച് വ്യാപാര വ്യവസായങ്ങൾ തുടങ്ങും. ഔദ്യോഗികമായി ഒട്ടേറെ ചുമതലകൾ ഏറ്റെടുക്കേണ്ടിവരും. അപ്രതീക്ഷിതമായി വിദേശ ഉദ്യോഗം നഷ്ടപ്പെടും. കുടുംബാംഗങ്ങളെ ജന്മനാട്ടിൽ താമസിപ്പിച്ച് വിദേശവാസം തുടരുവാനിടവരും. വിശേഷപ്പെട്ട ദേവാലയദർശനം സാധ്യമാകും.

ധനു:
വ്യവസ്ഥകൾ പാലിക്കുവാൻ നിർബന്ധിതനാകും. വിദഗ്ദ്ധചികിത്സകളാലും വ്യായാമത്താലും ആരോഗ്യം നിലനിർത്തുവാൻ സാധിക്കും. ശുഭസൂചകങ്ങളായ പ്രവർത്തനങ്ങളിൽ ആത്മാർഥമായി പ്രവർത്തിക്കുവാൻ അവസരമുണ്ടാകും. വ്യത്യസ്ത ആശയങ്ങൾ വന്നുചേരുമെങ്കിലും വിദഗ്ദ്ധ ഉപദേശം തേടുകയാണു നല്ലത്.

ഉത്തൃട്ടാതി

ചിങ്ങം:
പാർശ്വഫലങ്ങളുള്ള ഔഷധങ്ങൾ ഒഴിവാക്കി പ്രകൃതിദത്തമായ ജീവിതരീതി അവലംബിക്കും. യാഥാർഥ്യം മനസ്സിലാക്കാത്തതിനാൽ ബന്ധുക്കളും സ്വന്തക്കാരും വിരോധികളായിത്തീരും. വർഷങ്ങൾക്കു ശേഷം സഹപാഠിയെ കാണുവാനും ഗതകാലസ്മരണകൾ പങ്കുവയ്ക്കുവാനും അവസരമുണ്ടാകും. ഉപരിപഠനത്തിന് ഉദ്ദേശിച്ച വിഷയത്തിൽ പ്രവേശനം ലഭിക്കും.

കന്നി:
സമൂഹത്തിൽ ഉന്നതരുമായി സൗഹൃദബന്ധത്തിൽ ഏർപ്പെടുന്നതുവഴി പുതിയ കർമപദ്ധതികൾക്കു രൂപകൽപന ചെയ്യാൻ സാധിക്കും. ആദരണീയരുടെ കൂട്ടത്തിൽ സ്ഥാനം ലഭിച്ചതിനാൽ ആത്മാഭിമാനം തോന്നും. സമചിത്തതയോടു കൂടിയ പ്രവർത്തനശൈലി ലക്ഷ്യം നേടാൻ ഉപകരിക്കും. സങ്കൽപത്തിനനുസരിച്ച് ഉയരുവാൻ പുത്രന് അവസരം ലഭിച്ചതിനാൽ ആശ്വാസം തോന്നും.

തുലാം:
പരസ്പരവിശ്വാസം നഷ്ടപ്പെട്ടതിനാൽ കൂട്ടുകച്ചവടത്തിൽ നിന്നു പിന്മാറും. സഹപ്രവർത്തകരുടെ സ്വകാര്യ ആവശ്യങ്ങൾക്കു സാമ്പത്തികസഹായം ചെയ്യും. ആരോഗ്യം തൃപ്തികരമായിരിക്കും. ഉദ്ദേശിച്ച വിഷയത്തിൽ തുടർന്നു പഠിക്കുവാൻ സാധിക്കും. വാക്കും പ്രവൃത്തിയും ഫലപ്രദമാകും. പുതിയ വിദ്യ അഭ്യസിച്ചുതുടങ്ങും.

വൃശ്ചികം:
ജനസ്വാധീനം വർധിക്കും. അവിസ്മരണീയ മുഹൂർത്തങ്ങൾ അനശ്വരമാക്കുവാൻ അവസരമുണ്ടാകും. മഹാന്മാരുടെ വാക്കുകൾ പലപ്പോഴും ജീവിതത്തിൽ വിഷമഘട്ടങ്ങൾ അതിജീവിക്കുവാനുള്ള പിൻബലം ഉണ്ടാക്കിത്തരും. പഠിച്ച വിദ്യയോടനുബന്ധമായതും തൃപ്തിയുള്ളതുമായ ഉദ്യോഗം ലഭിക്കും.

ധനു:

വ ി – ദേശബന്ധമുള്ള വ്യാപാര വിപണന വിതരണമേഖല
ആത്മവിശ്വാസം, ഉത്സാഹം, ഉന്മേഷം തുടങ്ങിയവ പ്രവർത്തനക്ഷമതയ്ക്കും ആഗ്രഹസാഫല്യത്തിനും വഴിയൊരുക്കും. ഗഹനമായ വിഷയങ്ങൾ ലളിതമായി അവതരിപ്പിക്കുവാൻ സാധിക്കും. സന്തോഷവും സന്തുഷ്ടിയുമുള്ള ജീവിതം നയിക്കുവാൻ അവസരമുണ്ടാകും. വിദ്യാർഥികൾക്കും ശാസ്ത്രജ്ഞർക്കും ഗവേഷകർക്കും അനുകൂല അവസരങ്ങളും അംഗീകാരവും ബഹുമതിയും വന്നുചേരും.

രേവതി

ചിങ്ങം:
പ്രലോഭനങ്ങളിൽ പെടാതിരിക്കാൻ പ്രത്യേക ജാഗ്രത വേണം. ബന്ധുമിത്രാദികളിൽ നിന്നു തൃപ്തികരമല്ലാത്ത സമീപനം വന്നുചേരുമെങ്കിലും പ്രതികരിക്കാതിരിക്കുകയാണു ഭാവിയിലേക്കു നല്ലത്. അസാധ്യമെന്നു തോന്നുന്ന കാര്യങ്ങളിൽ യുക്തിയുക്തം സ്വീകരിക്കുന്ന നിലപാട് അനുകൂലവിജയത്തിനു വഴിയൊരുക്കും. സഹപ്രവർത്തകരുടെ സഹായസഹകരണങ്ങളാൽ പദ്ധതികൾ പൂർത്തിയാക്കും. അങ്ങനെ അനുമോദനങ്ങൾ വന്നുചേരും.

കന്നി:
സത്യസന്ധവും നീതിയുക്തവുമായ സമീപനം അനുകൂലവിജയത്തിനു വഴിയൊരുക്കും. തൊഴിൽമേഖലകളുടെ സാഹചര്യങ്ങൾക്കനുസരിച്ച് പട്ടണത്തിലേക്കു മാറിത്താമസിക്കേണ്ടിവരും. നഷ്ടപ്പെട്ടു എന്നു കരുതുന്ന വിലപ്പെട്ട രേഖകളും ആഭരണങ്ങളും തിരികെ ലഭിക്കും. ഉദര– നീർദോഷരോഗങ്ങൾക്കും ജീവിതശൈലീരോഗങ്ങൾക്കും വ്യായാമ പരിശീലനം തുടങ്ങും.

തുലാം:
അഭയം പ്രാപിച്ചുവരുന്നവർക്ക് ആശ്രയം നൽകും. നയതന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിൽ ലക്ഷ്യം നേടും. സംഘത്തിന്റെ നേതൃസ്ഥാനം ഏറ്റെടുക്കേണ്ടിവരും. വിവരസാങ്കേതികവിദ്യയിൽ പുതിയ കണ്ടെത്തലുകൾക്കു സാക്ഷ്യം വഹിക്കുന്നത് ആത്മാഭിമാനത്തിനു വഴിയൊരുക്കും.

വൃശ്ചികം:
വാഹനം മാറ്റി വാങ്ങും. ആധ്യാത്മികചിന്തകളാൽ അനാവശ്യമായ ആധി ഉപേക്ഷിച്ച് യാഥാർഥ്യങ്ങളെ മനസ്സിലാക്കിയുള്ള പ്രവർത്തനങ്ങൾ വിജയിക്കും. വിവിധ വിജ്ഞാനശാഖകളെ പരിചയപ്പെടുവാൻ അവസരം ഉണ്ടാകും. സ്വയം വിലയിരുത്തുന്നതിനും ആത്മനിയന്ത്രണത്തിനും കഴിയും. വിദ്യാർഥികൾക്ക് ഇഷ്ടമുള്ള മേഖലയിൽ ഉപരിപഠനത്തിനു ചേരാൻ സാധിക്കും.

ധനു:
ശാസ്ത്രജ്ഞൻക്കും ഗവേഷകർക്കും പ്രശസ്തിയും അംഗീകാരവും പദവിയും വന്നുചേരും. വാക്കും പ്രവൃത്തിയും പ്രതീക്ഷിച്ചതിലുപരി ഫലപ്രദമാകും. വ്യാപാര വ്യവസായ വിപണനമേഖലകളിൽ പുരോഗതിയും സാമ്പത്തികനേട്ടവും ഉണ്ടാകും. പദ്ധതി സമർപ്പണത്തിൽ ലക്ഷ്യം നേടും. ജീവിതയാഥാർത്ഥ്യങ്ങളെ മനസ്സിലാക്കി വിട്ടുവീഴ്ചമനോഭാവത്തോടു കൂടിയുള്ള സമീപനം മൂലം ദമ്പതികളിലുള്ള അകൽച്ച മാറ്റി ഒരുമിച്ചു താമസിക്കാൻ കഴിയും.